# TRICHUR ARCHDIOCESAN BULLETIN

2025 ജനുവരി | വാല്യം: 92 | ലക്കം: 01




കാനായിലെ വിവാഹവിരുന്ന് (യോഹ 2, 5)



2024 ഡിസംബർ 08 ന് ആശീർവദിക്കപ്പെട്ട
പള്ളിക്കുന്ന് - വരന്തരപ്പിള്ളി അസംപ്ഷൻ ഇടവക
പള്ളിയുടെ നവീകരിച്ച അൾത്താര



## വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ മംഗളങ്ങൾ

**ജനുവരി 20**

Trichur
Archdiocesan
Bulletin
TAB

ESTD:1934

ജനുവരി 2025

ലക്കം: 01 | വാല്യം: 92

01



*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur

*Chief Editor*
**Fr. Francis Aloor**

*Executive Editor*
**Fr. Daijo Poruthur**

*Design*
smritidesin.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org


## ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം | 04 |
| കച്ചേരിക്കാര്യം | 13 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 16 |
| സഹായമെത്രാന്റെ പരിപാടികൾ | 17 |
| നാളാഗമം | 19 |
| നാമകരണ നടപടികൾ | 25 |
| വൈദികർ | 29 |
| സന്യസ്തർ | 32 |
| സാമ്പത്തിക കാര്യാലയം | 35 |
| വിശ്വാസ പരിശീലനം | 36 |
| സ്ഥാപനങ്ങൾ | 49 |
| സംഘടനകൾ | 70 |




# 1 ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

2565/2024 / 07.12.2024 PL- 2

**2025 ജൂബിലി വർഷം**

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

നിങ്ങൾക്കേവർക്കും ആഗതമാകുന്ന പിറവിത്തിരുന്നാളിന്റെ ആശംസകൾ!

ഈശോയുടെ ജനനത്തിരുനാളിന്റെയും, 2025 ജൂബിലി വർഷത്തിന്റെയും പ്രാർത്ഥനാനിർഭരമായ ഒരുക്ക ദിവസങ്ങളിലാണല്ലോ നാം. വചനം മാംസമായി അവതരിച്ച (യോഹ.1:14) ഈശോയുടെ ജനനം, ദൈവസ്നേഹത്തിന്റെ ഏറ്റവും പ്രകടമായ ചരിത്ര സംഭവമാണ്. ബൈബിളിൽ നാം വായിക്കുന്നു: ''അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ. 3:16). തിരക്കും ആകുലതയും നിറഞ്ഞ ജീവിതത്തിൽ സമാധാനത്തിന്റെയും പ്രതീക്ഷയുടേയും സൗഖ്യാനുഭവമാണ് ക്രിസ്തുമസ്. നമ്മെ രക്ഷിക്കുവാൻ ഭൂമിയിൽ അവതീർണ്ണനായ ഈശോ പുഞ്ചിരിക്കുന്ന മുഖവുമായി നമ്മെ സുഖപ്പെടുത്താനും പ്രത്യാശ പകരാനു

മായി പുൽക്കൂട്ടിൽ കാത്തിരിക്കുന്നു. മാലാഖമാർ ആലപിച്ചതു പോലെ 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും' സംലഭ്യമാകാൻ (ലൂക്ക. 2:14) ഈ ക്രിസ്തുമസ് അവസരമാകട്ടെ എന്ന് ആശംസിക്കുന്നു.

'പ്രത്യാശയുടെ തീർത്ഥാടകരാവുക' എന്ന മുദ്രാവാക്യവുമായി ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്ത 2025ലെ ജൂബിലി വർഷം ഈ ക്രിസ്തുമസ്സോടു കൂടി ആരംഭിക്കുകയാണ്. 2026 ദനഹാതിരുനാൾ വരെ നീളുന്ന ഈ ജൂബിലി വർഷാചരണം സാർവത്രിക സഭയിൽ 2024 ക്രിസ്തുമസ് പാതിരാ കുർബാനയോടുകൂടി ഫ്രാൻസിസ് മാർപാപ്പ വത്തിക്കാനിൽ വി. പത്രോസിന്റെ ബസിലിക്കയിൽ പ്രത്യാശയുടെ വിശുദ്ധ കവാടം തുറന്ന് ആരംഭിക്കുന്നു. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമ. 5:5) എന്നതാണ് ജൂബിലി വർഷത്തിന്റെ വിഷയമായി ഫ്രാൻസിസ് മാർപാപ്പ സാർവത്രികസഭക്ക് നല്കിയിട്ടുള്ളത്. പ്രത്യാശ കേവലം വ്യക്തിപരമായ ശുഭാപ്തി വിശ്വാസമല്ല, മറിച്ച് നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിൽ വേരൂന്നിയ വാഗ്ദാനത്തിലുള്ള വിശ്വാസമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന വസ്തുതയാണ് ക്രിസ്തീയ പ്രത്യാശയുടെ അടിസ്ഥാനം. ഈ പ്രത്യാശ മനുഷ്യന്റെ പ്രയത്നത്തിലൂടെ നേടിയെടുക്കാവുന്നതല്ല; മറിച്ച് അത് ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിൽനിന്നുവരുന്ന ദാനമാണ്.

നാം ഈശോയുടെ ഹൃദയത്തിലും ഈശോ നമ്മുടെ ഹൃദയത്തിലും വസിക്കാനുമുള്ള ക്ഷണമാണ് ക്രിസ്തുമസ്സ് നല്കുന്നത്. ഈശോ പറഞ്ഞു: 'ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു' (യോഹ 15:5). 2024 ഒക്ടോബർ 24ന് ഫ്രാൻസിസ് മാർപാപ്പ തിരുഹൃദയഭക്തിയെകുറിച്ച് പുറത്തിറക്കിയ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന ചാക്രിക ലേഖനത്തിൽ, മനുഷ്യനെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ ഈശോയുടെ സ്നേഹത്തെ കുറിച്ചു തന്നെയാണ് പറയുന്നത്. നമ്മുടെ പാപപരിഹാരത്തിനായി മുറിവേറ്റ ഈശോയുടെ ഹൃദയം നമ്മെ സൗഖ്യപ്പെടുത്തട്ടെ. കുരിശിന്റെ പാതയിലൂടെ നടന്നു നീങ്ങി മരണത്തെ തോല്പിച്ച് ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി മനുഷ്യവർഗ്ഗത്തെ രക്ഷിച്ചാണ് ഈശോ ദൈവസ്നേഹം പ്രകടമാക്കിയത്. അതിനാൽ അനുദിന ജീവിതത്തിലെ ക്ലേശങ്ങളിലും, കഷ്ടപ്പാടുകളിലും പ്രത്യാശ നഷ്ടപ്പെടാതെ തിരുഹൃദയ സ്നേഹത്തിൽ പ്രതീക്ഷയോടെ ആശ്രയിക്കാനാണ് ഈ ജൂബിലി വർഷം നമ്മെ ആഹ്വാനം ചെയ്യുന്നത്.

ദൈവസ്നേഹത്തെ അനുഭവിക്കാനും ആഘോഷിക്കാനും

അതുവഴി ജീവിതനവീകരണം വരുത്താനുമുള്ള അവസരമാണ് ജൂബിലി വർഷം. ഈ നവീകരണം വ്യക്തിതലത്തിലും സഭാതല ത്തിലും ആവശ്യമാണ്. അതുകൊണ്ടാണ് 2021 മുതൽ 2024 വരെ യുള്ള കാലഘട്ടത്തിൽ നടന്ന സിനഡാലിറ്റിയെ കുറിച്ചുള്ള ചർച്ചക ളിലും മെത്രാന്മാരുടെ സാർവത്രിക സിനഡിലും കൂട്ടായ്മ, പങ്കാളി ത്തം, പ്രേഷിതദൗത്യം എന്നീ പ്രമേയങ്ങളിലൂടെ വ്യക്തി- കുടുംബ- സഭാ-പൊതുസമൂഹ തലങ്ങളിൽ നവീകരണത്തിനായി തിരുസഭ ആഹ്വാനം നല്കിയത്. സഭ ഒരു മിഷനറി സിനഡൽ സഭയാവുക എന്നതാണ് ഇതിനുള്ള മാർഗ്ഗം. 2024 ഒക്ടോബർ 26ന് പുറത്തിറക്കിയ സിനഡിന്റെ അന്തിമരേഖയിൽ പ്രതിപാദിക്കുന്നതുപോലെ ഈ നവീകരണം സാധ്യമാകുക പ്രധാനമായും മൂന്ന് മേഖലകളി ലൂടെയാണ്.

1) ദൈവമനുഷ്യബന്ധത്തിലും ദൈവമക്കൾ തമ്മിലുള്ള പരസ് പര ബന്ധത്തിലുമുള്ള പരിപോഷണത്തിലൂടെ രുപപ്പെടുന്ന പുതുജന്മത്തിലൂടെ;
2) പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് പങ്കാളിത്തത്തോടെയും സുതാര്യമായും തീരുമാനങ്ങളെടുക്കുന്ന നേതൃത്വശൈലികൾ വളർത്തിയെടുക്കുന്നതിലൂടെ;
3) മിഷനറി സിനഡൽ സഭയുടെ ദൗത്യം തുടരുന്നതിന് ആവശ്യമായ ഐക്യവും, വെല്ലുവിളികളെ നേരിടാനുള്ള ശക്തിയും ആർജി ക്കുന്നതിലൂടെ.

ഇതിന് ആവശ്യമായത് സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവി ക്കുന്ന ദൈവജനത്തിന്റെ സാക്ഷ്യജീവിതമാണ്. ഈ സാക്ഷ്യ ജീവിതത്തെ വളർത്താനും, ശക്തിപ്പെടുത്താനും ആത്മാവിന്റെ നിറവിൽ പങ്കാളിത്തത്തോടെയും, സുതാര്യതയോടെയും സഭാ സമൂഹത്തെ നയിക്കാൻ കഴിയുന്ന നേതൃത്വവും, ദൈവജനത്തിന്റെ ഐക്യവുമാണ് ഉണ്ടാകേണ്ടത് എന്നാണ് ജൂബിലി പ്രഖ്യാപിച്ചു കൊണ്ട് 2024 മെയ് 9ന് ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ച ബൂള യിൽ നിന്ന് നാം മനസ്സിലാക്കുന്നത് (Spes Non Confundit = SNC*). ഇപ്രകാരം ദൈവസ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നവർ മിഷനറി തീക്ഷ്ണതയോടെ യേശുവാകുന്ന രക്ഷകനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കാതിരിക്കുകയില്ല. ആഗതമാകുന്ന ജൂബിലി വർഷം ദൈവസ്നേഹത്തിലും പ്രത്യാശയിലും ജീവിക്കുന്ന സഭാ സമൂഹത്തെ വളർത്താനുള്ള അവസരമാക്കിമാറ്റാം.

രക്ഷകനായ ഈശോയെ കണ്ടുമുട്ടാനുള്ള പ്രത്യാശയുടെ ഈ യാത്രയിൽ വിശ്വാസികളാകുന്ന തീർഥാടക സമൂഹത്തെ പ്രത്യാശ യോടെ നയിക്കാൻ പ്രചോദിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്താ

നാണ് ഈ വർഷം സാർവത്രിക സഭ ആഹ്വാനം ചെയ്തിരിക്കുന്നത്. സഹജീവികൾക്ക്, പ്രത്യേകിച്ച് പ്രതിസന്ധികളും, പ്രയാസങ്ങളും അനുഭവിക്കുന്നവർക്ക് പ്രതീക്ഷയുടെ അടയാളമായിത്തീരാൻ രക്ഷകനെ കണ്ടുമുട്ടിയ ദൈവജനത്തിന് ഉത്തരവാദിത്വമുണ്ട് (SNC. no .6). അതുകൊണ്ടുതന്നെ ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകകളിലും സ്ഥാപനങ്ങളിലും സാമൂഹ്യക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. അതോടൊപ്പം, സഭ നിർദ്ദേശിക്കുന്ന ദണ്ഡവിമോചന പ്രർത്ഥനകളും, തീർത്ഥാടനങ്ങളും, അനുതാപത്തിന്റെ കൂദാശ സ്വീകരണവും നടത്തി പരിശുദ്ധ അമ്മയുടെ സഹായത്താൽ പ്രത്യാശയോടെ ജീവിക്കാൻ ഈ ജൂബിലി വർഷം പ്രാപ്തരാക്കട്ടെ.

ജൂബിലി വർഷത്തിന് സാർവത്രിക സഭ പ്രസിദ്ധം ചെയ്ത പ്രവർത്തന പദ്ധതിയുടെ ഒരു മാർഗ്ഗരേഖ ഇതിനോടൊപ്പം അയക്കുന്നുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ, ജൂബിലി വർഷം വത്തിക്കാനിൽ ഡിസംബർ മാസം 24-ാം തീയതി വിശുദ്ധ കവാടം തുറന്ന് ഫ്രാൻസിസ് മാർപാപ്പ ഉദ്ഘാടനം ചെയ്യുന്നു. *(*ജൂബിലി വർഷം പ്രഖ്യാപിച്ചുകൊണ്ടുള്ള ഫ്രാൻസീസ് മാർപ്പാപയുടെ 09.05.2024ലെ പേപ്പൽ ബൂള* "Spes Non Confundit" = Hope does not disappoint = *പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമ 5,5))*

ജൂബിലിവർഷത്തിൽ പ്രത്യാശയോടെ തീർത്ഥാടനങ്ങൾ നടത്താൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നുണ്ട് (SNC.no.5). പശ്ചാത്താപത്തിന്റെയും, പരിഹാരത്തിന്റെയും, വിശ്വാസപ്രഖ്യാപനത്തിന്റെയും ഭാഗമായി തീർത്ഥാടനങ്ങൾ നടത്തി, കുമ്പസാരിക്കുകയും വിശുദ്ധ കുർബാന സ്വീകരിക്കുകയും പരിശുദ്ധ പിതാവിന്റെ നിയോഗാർത്ഥം സഭയ്ക്കും ലോകത്തിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത്, ജൂബിലി കവാടത്തിലൂടെ കടന്ന് ദണ്ഢവിമോചനങ്ങൾ പ്രാപിക്കാനും മാർപാപ്പനിർദ്ദേശിക്കുന്നു. മാർപാപ്പയുടെ ഈ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ ദണ്ഡവിമോചനങ്ങൾ ലഭിക്കുന്ന വിശുദ്ധ കവാടങ്ങളുള്ള മൂന്ന് തീർത്ഥാടന കേന്ദ്രങ്ങളാണ് നമ്മുടെ അതിരൂപതയിൽ നിശ്ചയിച്ചിട്ടുള്ളത്: 1) തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, 2) തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക, 3) പാലയൂർ മേജർ ആർക്കിഎപ്പിസ്‌ക്കോപ്പൽ തീർത്ഥകേന്ദ്രം. അതിരൂപതാതലത്തിലുള്ള ജൂബിലി വർഷ ഉദ്ഘാടനം ഡിസംബർ മാസം 29-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വിശുദ്ധ കവാടം തുറന്ന് നടത്തപ്പെടുന്നതാണ്. ഈ തിരുകർമ്മത്തിലേക്ക് നിങ്ങളെല്ലാവരെയും ക്ഷണിക്കുന്നു; പ്രത്യേകിച്ച്, അതിരൂപതയിലെ എല്ലാ വൈദികരും, സമർപ്പിതസമൂഹങ്ങളിൽ നിന്നും ഇടവ

കകളിൽ നിന്നുമുള്ള പ്രതിനിധികളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഫൊറോന കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്. അന്നേദിവസം വൈകിട്ട് 7:30ന് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക ദൈവാലയത്തിലും, 2024 ഡിസംബർ 31-ാം തിയ്യതി പാതിരാ കുർബാനയോടുകൂടി പാലയൂർ തീർത്ഥകേന്ദ്രത്തിലും വിശുദ്ധ കവാടം തുറക്കുന്ന തിരുകർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ജൂബിലി വർഷ ഉദ്ഘാടനം നടത്തേണ്ടത് 2024 ഡിസംബർ 31ന് പാതിരാ കുർബാനയോടു കൂടിയോ 2025 ജനുവരി 1ന് സൗകര്യപ്രദമായ സമയത്തോ ആണ്.

പ്രത്യാശയുടെ തീർത്ഥാടകരായ നമുക്ക് ദൈവസ്നേഹത്തിന്റെ വാഹകരും ക്രിസ്തുവിന്റെ ഹൃദയത്തിന് ഇഷ്ടപ്പെട്ട സാക്ഷികളുമാകാൻ ഈ ക്രിസ്തുമസും ജൂബിലി വർഷാചരണവും പ്രചോദനമാകട്ടെ. ഇടവകയിലും കുടുംബങ്ങളിലും ജൂബിലി വർഷാചരണത്തിന് സഹായിക്കുന്ന ജൂബിലി വർഷ പരിപാടികൾ ഇതോടൊപ്പം അയക്കുന്നു. ക്രിസ്തുമസ്സിന്റെയും ജൂബിലി വർഷത്തിന്റെയും എല്ലാവിധ ആശംസകളും അനുഗ്രഹങ്ങളും നേരുന്നു. രക്ഷകനായ യേശുവിന് ജന്മം നൽകിയ പരിശുദ്ധ അമ്മ പ്രത്യാശയുടെ ഈ തീർത്ഥാടനത്തിൽ നമുക്ക് മധ്യസ്ഥയായിരിക്കട്ടെ. ദിവ്യരക്ഷകനായ ഉണ്ണീശോ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

---

NB: (1) ഈ ഇടയലേഖനം 2024 ഡിസംബർ 15-ാം തിയ്യതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും വായിക്കേണ്ടതാണ്.

(2) ക്രിസ്തുമസിനോടനുബന്ധിച്ച് ഇടവകകളിൽ ബോൺ നത്താലെ പരിപാടികളും പാവപ്പെട്ടവർക്കുള്ള സഹായ പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്.

(3) ക്രിസ്തുമസ്സിനോടനുബന്ധിച്ച് അതിരൂപതയിൽ നടത്തുന്ന

കാരുണ്യനിധി കളക്ഷന്റെ കവറുകൾ വീടുകളിലേക്ക് നൽകിയിട്ടുണ്ട്. കാരുണ്യനിധിയെ കുറിച്ചുള്ള കത്ത് വാട്ട്സ്ആപ്പ് വഴി നൽകിയിരിക്കുന്നത് കുടുംബകൂട്ടായ്മകൾ വഴി അറിയിച്ച് സംഭാവന സ്വീകരിക്കാൻ പരിശ്രമിക്കുമല്ലോ.

(4) ജൂബിലിവർഷത്തോടനുബന്ധിച്ച് നടപ്പിലാക്കേണ്ട വിവിധ പരിപാടികളുടെ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

(5) ജൂബിലി വർഷത്തിൽ വിശുദ്ധ കുർബാനമദ്ധ്യേ ചൊല്ലേണ്ട കാറോസൂസ പ്രാർത്ഥന താഴെ കൊടുക്കുന്നു.

**കാറോസൂസ**

കർത്താവായ ദൈവമേ, പരിശുദ്ധ കത്തോലിക്കാസഭ ജൂബിലി വർഷം ആഘോഷിക്കുന്ന ഈ അവസരത്തിൽ, സ്നേഹത്തിൽ നിറഞ്ഞ് സ്വർഗ്ഗത്തെ ലക്ഷ്യമാക്കി മുന്നേറുന്ന പ്രത്യാശയുടെ തീർത്ഥാടകരാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ കർത്താവിന്റെ കുരിശിലൂടെ ലഭിച്ച രക്ഷയിൽ ആശ്രയിച്ച് മുന്നോട്ടു പോകുവാൻ ഞങ്ങളെയും സഭ മുഴുവനെയും അനുഗ്രഹിക്കേണമെ. ജൂബിലി വർഷത്തിൽ പ്രത്യാശയോടെ ജീവിക്കാൻ അനുഗ്രഹിക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

### 2025 ജൂബിലി വർഷ പരിപാടികൾ

**1. ജൂബിലി 2025നുള്ള ഒരുക്കം**

- 2024 ഡിസംബർ 15: ജൂബിലി വർഷ ഇടയലേഖനം ദൈവാലയങ്ങളിൽ വായിക്കുന്നു
- 2024 ഡിസംബർ 20 - 24: ഇടവകയിലെ/സ്ഥാപനത്തിലെ സൗകര്യമനുസരിച്ച് ജൂബിലി വർഷ ഒരുക്ക ആരാധനയും കുമ്പസാരവും
- 2024 ഡിസംബർ 25: ക്രിസ്തുമസ് കുർബാനയിൽ സാർവത്രികതലത്തിലെ ജൂബിലി വർഷാരംഭത്തെ കുറിച്ചുള്ള പ്രത്യേക അറിയിപ്പ് നടത്തുക

**2. ജൂബിലി വർഷാരംഭം**

- സാർവത്രിക സഭയിൽ: 2024 ഡിസംബർ 24 സെന്റ് പീറ്റർ ബസിലിക്കയിൽ വിശുദ്ധ കവാടം തുറക്കുന്നു
- തൃശ്ശൂർ അതിരൂപത തലത്തിൽ: തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് 2024 ഡിസംബർ 29 (തിരുക്കുടുംബ

തിരുനാൾ ദിനം) ഉച്ചകഴിഞ്ഞ് 3 മണിയ്ക്ക് വി. കുർബാനയോടു കൂടി ജൂബിലി കവാടം തുറന്ന് ആരംഭിക്കുന്നു. എല്ലാ വൈദികരും, സമർപ്പിത ഭവനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഫൊറോന കൗൺസിൽ അംഗങ്ങളും ഇടവകകളിൽ നിന്നും ചുരുങ്ങിയത് 15 പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്.

- ഇടവകതലത്തിൽ: 31.12.2024ൽ പാതിരകുർബാനയോടുകൂടിയോ, 01.01.2025 പുതുവർഷദിനത്തിൽ സൗകര്യപ്രദമായ സമയത്തോ ജൂബിലി വർഷാചരണത്തിന് ആരംഭം കുറിക്കുന്നു.

**3. സമാപനം**

- സാർവത്രിക സഭയിൽ: 2026 ജനുവരി 6
- പ്രാദേശിക സഭയിൽ: 2025 ഡിസംബർ 28
- തൃശ്ശൂർ അതിരൂപതയിലെ സമാപന പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

**4. തൃശ്ശൂർ അതിരൂപതയിൽ ദണ്ഢവിമോചനങ്ങളുള്ള വിശുദ്ധ കവാടങ്ങൾ**

- തൃശ്ശൂർ, ലൂർദ്ദ് കത്തീഡ്രൽ (29.12.2024 ഉച്ചകഴിഞ്ഞ് 3:00ന് കവാടം തുറക്കുന്നു)
- തൃശ്ശൂർ, വ്യാകുലമാതാവിൻ ബസിലിക്ക (29.12.2024 വൈകിട്ട് 7:30ന് കവാടം തുറക്കുന്നു)
- പാലയൂർ തീർത്ഥകേന്ദ്രം (31. 12.2024ലെ വർഷാരംഭ പാതിര കുർബാനയോടു കൂടി കവാടം തുറക്കുന്നു)

**5. ഇടവക-സന്ന്യാസസമൂഹ-സ്ഥാപന തലങ്ങളിലെ ജൂബിലി വർഷ ഉദ്ഘാടന പരിപാടികൾ** (01.01.2025 = വർഷാരംഭ പാതിരാ കുർബാനയോടുകൂടിയോ സൗകര്യപ്രദമായ മറ്റു സമയത്തോ)

- ലോഗോ പ്രദർശിപ്പിക്കൽ
- ജൂബിലി തിരിതെളിയിക്കൽ
- സാധിക്കുന്ന ഇടവകകളിൽ ലോഗോ വച്ചുള്ള ജൂബിലി പതാക യോ പേപ്പൽ പതാകയോ ഉയർത്തുന്നു
- സാധിക്കുന്ന ഇടവകകളിൽ വീടുകളിലേക്ക് ജൂബിലിതിരിയും പതാകയും നല്കുന്നു

**6. ഇടവക-സന്ന്യാസസമൂഹ-സ്ഥാപന തലങ്ങളിലെ ജൂബിലി വർഷ പൊതുപരിപാടികൾ**

- വിശുദ്ധ കുർബാനമധ്യേയുള്ള കാറോസൂസയിൽ പ്രത്യേക പ്രാർത്ഥന ചൊല്ലുന്നു.

- ജൂബിലി പ്രാർത്ഥന എല്ലാ ദൈവാലയങ്ങളിലും കുടുംബങ്ങളിലും ചൊല്ലുന്നു. നൽകിയിരിക്കുന്ന ജൂബിലി പ്രാർത്ഥനകാർഡ് വീടുകളിലേക്ക് ഇടവകകൾ തയ്യാറാക്കി കൊടുക്കുന്നു
- ജൂബിലി വർഷത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു
- മാർപാപ്പയുടെ ലൗദാത്തോ സി (2015) എന്ന ചാക്രികലേഖനത്തിന്റെയും ലൗദാത്തെ ദേവൂം (2014) എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെയും വെളിച്ചത്തിൽ ഹരിത ഇടവകകളും സ്ഥാപനങ്ങളും രൂപീകരിക്കാൻ പരിശ്രമിക്കുന്നു

**7. ഓരോ മാസത്തിലും നടത്തേണ്ട പ്രത്യേക പരിപാടികൾ**

* ജനുവരി: ജൂബിലി വർഷ ബോധവത്കരണ പരിപാടികൾ

* ഫെബ്രുവരി: രോഗികൾക്ക് വേണ്ടിയുള്ള പ്രത്യേക ജൂബിലി യാഘോഷം

* മാർച്ച്: സാധിക്കുന്ന എല്ലാ ഇടവകകളിലും സന്യാസസമൂഹങ്ങളിലും സ്ഥാപനങ്ങളിലും 13 മണിക്കൂർ/24 മണിക്കൂർ ജൂബിലി ആരാധന

* ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ പ്രത്യേക ജൂബിലി പരിപാടികൾ അതിരൂപത പാക്ട് അജപാലന പദ്ധതിയോട് ചേർത്ത് പിന്നീട് അറിയിക്കുന്നതാണ്.

**8. ജൂബിലി വർഷ പൊതുപരിപാടികൾ**

- ഇതോടൊപ്പം നൽകുന്ന സാർവത്രികസഭയ്ക്കായുള്ള ജൂബിലി കലണ്ടറിൽ ഓരോ മാസത്തേക്കുമായി നൽകിയ പ്രത്യേക പരിപാടികൾ, ഇടവകയുടെയും സ്ഥാപനങ്ങളുടെയും സമർപ്പിത സമൂഹങ്ങളുടെയും പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നു.
- ജൂബിലി വർഷത്തോടനുബന്ധിച്ചും മറ്റും 2024ൽ മാർപാപ്പ പുറത്തിറക്കിയ താഴെ പറയുന്ന പ്രബോധനങ്ങളെ കുറിച്ച് ബോധവത്കരണപരിപാടികൾ സംഘടിപ്പിക്കുന്നു.

1) ജൂബിലി വർഷം പ്രഖ്യാപിച്ചുകൊണ്ടുള്ള 09.05.2024ലെ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (Spes Non Confundit) എന്ന പേപ്പൽ ബൂള;
2) തിരുഹൃദയഭക്തിയെകുറിച്ച് 24.09.2024ൽ ഫ്രാൻസിസ് മാർപാപ്പ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന ചാക്രിക ലേഖനം;
3) 2021 – 2024 കാലഘട്ടത്തിൽ മാർപാപ്പ ആഹ്വാനം ചെയ്ത സിന

ഡാലിറ്റിയെ കുറിച്ചുള്ള ചർച്ചകളുടെയും മെത്രാൻമാരുടെ സിനഡ് സമ്മേളനങ്ങളുടെയും (2023 ഒക്ടോബർ, 2024 ഒക്ടോബർ) വെളിച്ചത്തിൽ 26.10.2024ൽ മാർപാപ്പ പ്രസിദ്ധീകരിച്ച സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിന്റെ അന്തിമരേഖ.

- ജൂബിലി വർഷം സമുദായിക ശാക്തീകരണ പരിപാടികൾക്ക് ഊന്നൽ കൊടുക്കുന്നു.
- ജൂബിലി വർഷത്തിൽ ഉന്നതവിദ്യഭ്യാസത്തിനായുള്ള പ്രത്യേക വിദ്യാഭ്യാസ ഫണ്ട് രൂപീകരിക്കുന്നു.

**ജൂബിലി വർഷ പ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയുടെ പുത്രനും മനുഷ്യാവതാരത്തിലൂടെ ഞങ്ങളുടെ സഹോദരനുമായ ഈശോമിശിഹായിൽ അങ്ങു ഞങ്ങൾക്കു നൽകിയ വിശ്വാസവും പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ഹൃദയങ്ങളിൽ ജ്വലിപ്പിച്ച സ്നേഹത്തിന്റെ ജ്വാലകളും അങ്ങയുടെ രാജ്യത്തിന്റെ ആഗമനത്തെ കുറിച്ചുള്ള അനുഗ്രഹീതമായ പ്രത്യാശ ഞങ്ങളിൽ വീണ്ടും ഉണർത്തട്ടെ.

സുവിശേഷത്തിന്റെ വിത്തുകൾ വിതക്കുന്ന തളരാത്ത വിതക്കാരായി അങ്ങയുടെ കൃപ ഞങ്ങളെ രൂപാന്തരപ്പെടുത്തട്ടെ. തിന്മയുടെ എല്ലാ ശക്തികളും പരാജയപ്പെടുകയും അങ്ങയുടെ മഹത്വം നിത്യ കാലത്തോളം പ്രകാശിക്കുകയും ചെയ്യുന്ന ഒരു പുതിയ ആകാശത്തിനും ഭൂമിക്കും വേണ്ടിയുള്ള പ്രത്യാശാപൂർണ്ണമായ കാത്തിരി പ്പിൽ ആ വിത്തുകൾ മനുഷ്യവംശത്തെയും പ്രപഞ്ചം മുഴുവനെയും രൂപാന്തരപ്പെടുത്തട്ടെ. ഈ ജൂബിലിയുടെ കൃപ പ്രത്യാശയുടെ തീർത്ഥാടകരായ ഞങ്ങളിൽ സ്വർഗ്ഗീയ നിക്ഷേപങ്ങൾക്കായുള്ള ഒരു ദാഹമുണർത്തുകയും രക്ഷകന്റെ സന്തോഷവും സമാധാനവും ഈ ലോകം മുഴുവനിലും വ്യാപിക്കാൻ ഇടവരുത്തുകയും ചെയ്യട്ടെ. എന്നേക്കും വാഴ്ത്തപ്പെട്ടവനും ഞങ്ങളുടെ ദൈവവുമായ അവിടുത്തേക്ക് മഹത്വവും സ്തുതിയും എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ.

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

**ജനുവരി 2024**

1 : നമ്മുടെ കർത്താവിന്റെ നാമകരണം
വർഷാരംഭം

3 : പരി. കന്യകാമറിയത്തിന്റെ ദൈവമാതൃത്വതിരുനാൾ
വി. കുരിയാക്കോസ് ഏലിയാസ്
ആദ്യവെള്ളി

5 : **ദനഹാ ഒന്നാം ഞായർ**

6 : ദനഹാതിരുനാൾ

10 : വി. യോഹന്നാൻ മാംദാന

12 : **ദനഹാ രണ്ടാം ഞായർ**

14 : വി. ദേവസഹായം

17 : വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ

18 : സഭൈക്യവാരം തുടങ്ങുന്നു

19 : **ദനഹാ മൂന്നാം ഞായർ**

20: വി. സെബസ്ത്യാനോസ്

24: വി. സുവിശേഷകന്മാർ
വി. ഫ്രാൻസിസ് സാലസ്

25: സഭൈക്യവാരം അവസാനിക്കുന്നു
വി. പൗലോസിന്റെ മാനസാന്തരം

26: **ദനഹാ നാലാം ഞായർ**
വി. തിമോത്തിയോസ്, വി. തിത്തോസ്

28: വി. തോമസ് അക്വിനാസ്

30: ലോകസമാധാനദിനം

31: വി. ജോൺ ബോസ്കോ

**2. ജനുവരി മാസത്തെ പരിപാടികൾ**

13-17 : നവവൈദികർക്കുള്ള പരിശീലനപ്രോഗ്രാം

14 : ആലോചനസമിതിയോഗം (03:00 pm)

26: മതബോധന സർവ്വീസ് അവാർഡ്

29: വൈദികസമ്മേളനവും നവവൈദികർക്കുള്ള
സ്വീകരണവും

**3. ദനഹാക്കാലം:**

ഉദയം, പ്രത്യക്ഷപത്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നെല്ലാം അർത്ഥം വരുന്ന പദമാണ് 'ദനഹാ'. ദനഹാക്കാലത്തിൽ ജോർദ്ദാൻ നദിയിൽ വച്ച് ഈശോയുടെ മാമ്മോദീസവേളയിൽ ആരംഭിച്ച അവിടുത്തെ പ്രത്യക്ഷവത്ക്കരണമാണ് അനുസ്മരിക്കുന്നത്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ജനുവരി 6ന് ആഘോഷിക്കുന്ന കർത്താവിന്റെ ദനഹാതിരുനാളിനെ കേരളത്തിന്റെ വടക്കൻ ഭാഗങ്ങളിൽ പിണ്ടിക്കുത്തി പെരുന്നാളെന്നും തെക്കൻ ഭാഗങ്ങളിൽ രാക്കുളി പെരുന്നാളെന്നും വിളിക്കാറുണ്ട്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ ബഹുമാനിക്കുന്നതിനും സ്തുതിക്കുന്നതിനും വാഴപ്പിണ്ടിയിൽ പന്തംകൊളുത്തി അതിനു ചുറ്റും പ്രദക്ഷിണം വച്ചുകൊണ്ട് ദൈവം പ്രകാശമാകുന്നു എന്ന് ആർത്തുവിളിച്ചിരുന്ന പതിവിൽ നിന്നാണ് പിണ്ടികുത്തി പെരുന്നാൾ ഉണ്ടായത്. ഈശോയുടെ മാമ്മോദീസയെ അനുസ്മരിച്ചുകൊണ്ട് ഈ തിരുനാളിന്റെ തലേദിവസം അടുത്തുള്ള നദിയിലോ കുളത്തിലോ പോയി നമ്മുടെ പൂർവ്വികർ നടത്തിയിരുന്ന ആചാരക്കുളിയിൽ നിന്നാണ് രാക്കുളി എന്ന പേരു ലഭിച്ചത്.

ഈശോയുടെ മാമ്മോദീസയെ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റേതന്നെ മാമ്മോദീസ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കണമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ, ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിക്കാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാക്കാലം.

**4. വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും:**

വൈദികസമ്മേളനവും നവവൈദികർക്കുള്ള സ്വീകരണവും 2025 ജനുവരി 29ന് ബുധൻ രാവിലെ 10ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്നതാണ്. എല്ലാ വൈദികരും പങ്കെടുക്കണം.

**5. വൈദികനിയമനം:**

1. ഫാ. ഡൈജോ പൊറുത്തൂർ - ഡയറക്ടർ മീഡിയ കത്തോലിക്ക & കപ്ലോൻ സെന്റ് മേരീസ് സി. എം. സി. ഒഴിവായി; സാധുത 2024 നവംബർ 21 മുതൽ.

2. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് - കപ്ലോൻ സെന്റ് മേരീസ് സി. എം. സി. കൂടി; സാധുത 2024 നവംബർ 21 മുതൽ.

3. ഫാ. ഷിജോ ചിരിയങ്കണ്ടത്ത് - സഹായി അതിരൂപത വൈസ്

ചാൻസലർ & എഡിറ്റർ അതിരൂപത ബുള്ളറ്റിൻ കൂടി; സാധുത 2024 നവംബർ 22 മുതൽ.

4. ഫാ. അൽജോ കരേരക്കാട്ടിൽ - ഡയറക്ടർ മീഡിയ കത്തോലിക്ക കൂടി; സാധുത 2024 നവംബർ 22 മുതൽ.

5. ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ- നടത്തുവികാരി മഡോണ നഗർ ഒഴിവായി; സാധുത 2024 ഡിസംബർ 1 മുതൽ.

6. ഡീ. ജോനസ് ഡേവിസ് പള്ളിപ്പുറം - ഡീക്കൻ മിനിസ്ട്രി ഒല്ലൂർ; സാധുത 2024 ഡിസംബർ 01 മുതൽ 2025 ഏപ്രിൽ 30 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

വചനം മനുഷ്യനായി
**അവന്റെ പൂർണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു.**
**(യോഹ 1, 16)**

# ENGAGEMENTS
JANUARY 2025

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Wed | Morning | Opening Jubilee Year Holy Door & Holy Mass @ Palayur |
| | | Evening | Golden Jubilee Concluding Meeting @ Mundathikode |
| 2 | Thu | Morning | Priestly Ordination @ Pallikkunnu |
| 3 | Fri | Morning | Patron's Day @ St. Thomas College |
| | | Evening | Holy Mass @ Erumappetty |
| 4 | Sat | Morning | Priestly Ordination @ Dolours Basilica |
| | | Afternoon | Msgr. Mathew Muringathery award @ JMMC |
| 5 | Sun | Evening | Reserved |
| 6-11 | | | Syro Malabar Synod @ Mount St. Thomas |
| 12 | Sun | Evening | Jubilee Meeting SSVDP @ Guruvayur |
| 13 | Mon | Morning | Holy Mass, St. Thomas Province Day & Silver Jubilee @ Mariapuram MMB |
| | | Afternoon | Nursing Students' lamp lighting ceremony @ JMMC |
| 13-17 | | | New Priests' Initiation Course |
| 14 | Tue | Morning | Convocation @ Marymatha |
| | | Afternoon | Consulters' Meeting @ ABP's House |
| 15 | Wed | Morning | Holy Mass with new priests @ ABP's House |
| | | Evening | Centenary of UP school, conclusion @ Kunnamkulam |
| 18 | Sat | Morning | Jubilee of CMC Sisters @ Kuriachira St. Paul's |

| | | | |
|---|---|---|---|
| 19 | Sun | Morning | Blessing of the Houses for Poor @ Aranattukara |
| | | Afternoon | Children's Ministry Prize Distribution @ DBCLC |
| | | Evening | Golden Jubilee of Parish, Conclusion @ Elavalli |
| 23 | Thu | Evening | Mathruvedi, Completed Bible Transcription @ Lourdes |
| 25 | Sat | Morning | Message @ Mount Calvary, Cheroor |
| 26 | Sun | Morning | Catholic Nurses' Guild @ JMMC |
| | | Afternoon | Award Day @ DBCLC |
| | | Evening | 1025th anniversary concluding meeting @ Kottekkad |
| 27 | Mon | Morning | Nilackal Ecumenical Meeting @ TCR |
| 29 | Wed | | Priests' Conference |

# ENGAGEMENTS

## JANUARY 2025

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Priestly Ordination of Dn Jerin Alappat CMI @ Mundathicode |
| | | Afternoon | 125 Jubilee Inauguration & Holymass |
| 02 | Mon | Morning | 4th Child Baptism @ Ollur |
| | | Evening | 4th Child Baptism @ Anthikkad |
| 03 | Tue | Morning | Thirunnal Kodikayattam @ Elavally<br>Patrons Day @ STC |
| | | Afternoon | Thirunnal Kodikayattam@ Kolengattukara |

| | | | |
|---|---|---|---|
| 04 | Sat | Morning | Inauguration - DCL : Pallotine, Ollukara |
| 05 | Sun | | Pastoral Visit @ Thangaloor North |
| 06 - 11 | | | Synod |
| 13 | Mon | Morning | New Priests Initiation Programme |
| | | | MMB - Province Silver Jubilee |
| | | Afternoon | Philosophy Symposium @ MMMS |
| | | | Retirement : Chiyyaram |
| 14 | Tue | Morning | 4th Child Baptism @ Padavarad |
| | | | Convocation & Signing Ceremony @ MMMS |
| | | | Consultors Meeting @ ABH |
| 15 | Wed | Morning | Holymass with New Priests @ ABH |
| 16 | Thu | | Mangalapuzha Seminary Commission |
| 17 | Fri | Evening | Thirunnal Kodikayattam@ Nambazhikkad |
| 18 | Sat | Morning | Holymass @ Bharatha |
| | | | Golden Jubilee @ FCC Guruvayoor |
| | | Evening | St Pius X - Annual day@ Wadakkanchery |
| 19 | Sun | Afternoon | Childrens Ministry Prize Distribution @ DBCLC |
| | | Evening | Parish Day @ Kunnamkulam |
| | | | Parish Day @ Parappur |
| 20 | Mon | Morning | 4th Child Baptism @ Guruvayoor |
| 21 | Tue | Morning | Annual Day @ Chowannur |
| 22 | Wed | Morning | 4th Child Baptism @ North Karamuck |
| 23 | Thu | Morning | St Paul's Gurukulam |
| | | Afternoon | Mathruvedhi : Holymass & Bible Prakashanam |
| 24 | Fri | Morning | Annual Day @ Pudukkad St. Antony's |
| | | | Holymass @ Puthur |
| 25 | Sat | Morning | Jubilee of CSC sisters @ Thiroor |
| | | Evening | SVDP: 75 Jubilee Ending@ Kuriachira |
| 26 | Sun | Afternoon | Award Day @ DBCLC |
| 28 | Tue | Morning | Mangalapuzha : Chapel Blessing |
| 29 | Wed | Morning | Priest's Conference |
| 30 | Thu | Evening | Annual Day @ CKC LPS Mundathicode |
| 31 | Fri | Evening | Holymass @ Nadathara |



# നാളാഗമം

## നവംബർ 2024

1. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ 'ടാലന്റ് ഡേ' ഉദ്ഘാടനം ചെയ്തു. വൈകിട്ട് പുത്തൻകുരിശ് സെന്റ് അത്തനേഷ്യസ് കത്തീഡ്രൽ സന്ദർശിച്ച് യാക്കോബായ സഭാധ്യക്ഷൻ മോർ ബസ്സലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.
2. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ മരിച്ചവരുടെ ഓർമദിനത്തിൽ ലൂർദ്ദ് കത്തീഡ്രലിൽ വി. കുർബാനയർപ്പിക്കുകയും സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. ഡി.ബി.സി.എൽ.സി.യിൽ വച്ചു നടന്ന സി.ആർ. ഐ. യുടേയും വൈദികസമിതിയുടേയും സംയുക്ത യോഗത്തിൽ പങ്കെടുത്തു.
3. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് തൃക്കൂർ ഇടവക സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. അതിനുശേഷം കോനിക്കര, കല്ലൂർ പടിഞ്ഞാറെപ്പള്ളി, തലോർ എന്നിവിടങ്ങളിൽ ഇടവക സന്ദർശനം നടത്തി. തലോർ ഇടവകയിൽ നിർമ്മിക്കുന്ന ദൈവാലയത്തിലെ അൾത്താരയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ലൂർദ്ദ്

കത്തീഡ്രലിൽ വച്ചു നടന്ന സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

4. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഹോളി ഫാമിലി സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് ഒളരിക്കര ഇടവക ദൈവാലയത്തിൽ ദിവ്യബലിയർപ്പിക്കുകയും ജൂബിലിയാഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന എക്യുമെനിക്കൽ സമ്മേളനത്തിൽ സംബന്ധിച്ചു.

5. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് രാവിലെ തൃശ്ശൂർ അസ്സീസി മഠം സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. കെ.സി.വൈ.എം. ന്റെ യുവജന ദിനത്തോടനുബന്ധിച്ചുള്ള ലോഗോ അതിരൂപതാ കേന്ദ്രത്തിൽ പ്രകാശനം ചെയ്തു.

6. അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിന്റെ ചരമദിനത്തിൽ രാവിലെ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ ദിവ്യബലിയർപ്പിക്കുകയും കബറിടത്തിൽ പ്രാർത്ഥന നടത്തുകയും ചെയ്തു. മേരിമാത മേജർ സെമിനാരിയുടെ 'ഹോം ഡേ' ആഘോഷങ്ങളിൽ പങ്കെടുത്തു. ചെമ്പൂക്കാവ് ഹോളി ഫാമിലി മഠത്തിൽ വച്ചു നടന്ന ബഹു. സി. റോസ് ബെൻസിയുടെ മൃത സംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7. അഭിവന്ദ്യ ആൻഡ്രൂസ് പിതാവിനു മുന്നിൽ പ്രതിജ്ഞയെടുത്തുകൊണ്ട് ഫാ. ഡ്രെജിൻ തട്ടിൽ അതിരൂപതാ കേന്ദ്രത്തിലെ ചാപ്പലിൽ വച്ച് അസിസ്റ്റന്റ് ആർക്കൈവിസ്റ്റായി ചുമതലയേറ്റു. വൈകീട്ട് ചിറ്റാട്ടുകര ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും പുതിയ കപ്പേളയും കൊടിമരവും വെഞ്ചിരിക്കുകയും ചെയ്തു.

8. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ലൂർദ്ദ് കത്തീഡ്രൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും കൂടുതുറക്കൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

9. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരിയുടെ 'ഹോം ഡേ' ആഘോഷങ്ങളിൽ പങ്കെടുത്തു. ഉച്ചയ്ക്കുശേഷം ഫാമിലി അപ്പോസ്റ്റലേറ്റിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ 'അവാർഡ് ഡേ'യിൽ സംബന്ധിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വച്ചു നടന്ന 'ബോൺ നത്താലെ 2024'ന്റെ ആലോചനാ യോഗത്തിലും ഓഫീസ് ഉദ്ഘാടനത്തിലും പങ്കെടുത്തു.

10. അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവ് ബാലാപുർ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ഷംഷാബാദ് രൂപതയുടെ പുതിയ മെത്രാനായി ചുമതലയേറ്റെടുത്ത സ്ഥാനാരോഹണ ചടങ്ങിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു.

12. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മുണ്ടൂർ ദൈവാലയത്തിൽ വച്ച് ഡീക്കൻ അജോ പുത്തൂക്കര ഒ. എഫ്. എം. കപ്പൂച്ചിന് പൗരോഹിത്യപ്പട്ടം നല്കി.

13. മുപ്പത്തൊന്നാമത് 'ദൈവശബ്ദം കൃപാഗ്നി ബൈബിൾ കൺവെൻഷൻ' തൃശ്ശൂരിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

15-17കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സി.സി.ഐ.) യുടെ ജനറൽ ബോഡി യോഗം സി.ബി.സി.ഐ. പ്രസിഡന്റ് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ അധ്യക്ഷതയിൽ പാല അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു.

16. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പീച്ചിയിൽ നടത്തപ്പെട്ട മലങ്കര മൂവാറ്റുപുഴ രൂപതയുടെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ പങ്കെടുത്തു. വൈകുന്നേരം തൃശ്ശൂരിൽ നടത്തപ്പെട്ട ദൈവശബ്ദം കൺവെൻഷനിൽ സമാപനസന്ദേശം നൽകി.

17. വൈകീട്ട് ഡി.ബി.സി.എൽ.സിയിൽ വച്ചു നടന്ന റവ. ഫാ. ഫ്രാൻസിസ് ആളൂരിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ചൂലിശ്ശേരി ഇടവകയിൽ വി. കുർബായർപ്പിക്കുകയും നവീകരിച്ച കപ്പേള വെഞ്ചിരിക്കുകയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് പിതൃവേദിയുടെ മെറിറ്റ് ദിനത്തിൽ പങ്കെടുത്തു. വഖഫ് ബോർഡിന്റെ നിയമത്തിനെതിരെ പാലയൂർ ഫൊറോന സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് ചീയ്യാരം വിജയമാതാ ഇടവകയിൽവെച്ച് നടത്തപ്പെട്ട വിൻസെന്റ് ഡി പോൾ സംഘടനയുടെ സുവർണ്ണ ജൂബിലിയിലും പങ്കെടുത്തു.

18. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് രാവിലെ മുണ്ടുപാലം ശാന്തിധാം സി.എം.സി. മഠം സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. ഫൊറോന വികാരിമാരുടെ യോഗത്തിലും ആലോചനസമിതി യോഗത്തിലും വൈകീട്ട് മേരിമാത മേജർ സെമിനാരി പ്രൊഫസർ റവ. ഫാ. സജി കണയാങ്കൽ സി.എസ്.ടി.യുടെ പൗരോഹിത്യ രജത ജൂബിലിയാഘോഷങ്ങളിലും അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. പള്ളിക്കുന്ന് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. രാവിലെ ഫൊറോന വികാരിമാരുടെ യോഗത്തിലും ഉച്ചകഴിഞ്ഞ് ആലോചനസമിതി യോഗത്തിലും പങ്കെടുത്തു. കല്ലൂർ കിഴക്ക് ഇടവകയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

19-20. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന തൃശ്ശൂർ അതിരൂപതയിലെ 16 ഡീക്കന്മാരുടെ ഭവനങ്ങൾ അഭിവന്ദ്യ പിതാക്കന്മാർ സന്ദർശിച്ചു.

21. കല്ലേറ്റുംകര പാക്കിൽ വച്ചു നടന്ന തൃശ്ശൂർ അതിരൂപതപ്രവിശ്യ യുടെ ഇന്റർ കൂരിയ മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മാർ തോമാസ് ശ്ലീഹയുടെ ഭാരതപ്രവേശന തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ പാലയൂർ ബ്ലാങ്ങാട് സാന്ത്വനതീരം കടപ്പുറവും, മത്സ്യബന്ധന ഉപകരണങ്ങളും വെഞ്ചിരിച്ചു.

22. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് കുരിയച്ചിറ സെന്റ് പോൾ സ്കൂളിൽ വച്ചു നടന്ന ആക്ട്സ് എന്ന സന്നദ്ധ സംഘടനയുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. ബോൺ നത്താലെ 2024ന്റെ തീം സോങ്ങ് തൃശ്ശൂർ രാമനിലയത്തിൽ വച്ച് ഗോവ ഗവർണർ ശ്രീ. പി. എസ്. ശ്രീധരൻപിള്ളയോട് ചേർന്ന് പുറത്തിറക്കി. മണ്ണുത്തി ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

23. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ വച്ചു നടന്ന തൃശ്ശൂർ അതിരൂപത മാധ്യമ അവാർഡ് ദിനം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ എഫ്.സി.സി. മിഷൻ ഹൗസിൽ വച്ചു നടന്ന ബഹു. സി. എമിലിൻ എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. പുത്തൂർ ഫൊറോന ബൈബിൾ കൺവെൻഷനിൽ സന്ദേശം നല്കി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാർമ്മൽ ശാന്തിധാം കൗൺസിലിംങ് സെന്ററിൽ വി. കുർബാനയർപ്പിച്ചു. ഡി ബി സി എൽ സി യിൽ നടത്തപ്പെട്ട കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരന്മാരുടേയും യോഗത്തിലും സെന്റ് തോമസ് മെഡ്ലിക്കോട്ട് ഹാളിൽ നടത്തപ്പെട്ട അതിരൂപത പി ആർ ഒ മാരുടെ യോഗത്തിലും അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

24. തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്കയിലെ പ്രതിഷ്ഠാ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ബസിലിക്കയിൽ ദിവ്യബലിയർപ്പക്കുകയും നൂറാം വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നെന്മണിക്കര ഇടവകയിൽ ഇടയസന്ദർശനം നടത്തി.

25. ചങ്ങനാശ്ശേരിയിൽ വച്ചു നടന്ന നിയുക്ത കർദ്ദിനാൾ മോൺ. ജോർജ് ജേക്കബ് കൂവക്കാടിന്റെ മെത്രാഭിഷേക ചടങ്ങിൽ

അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത് ആശംസകൾ നേർന്നു. ചിറ്റിശ്ശേരി ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

26. PAROC ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ Facing വേല MiddleAge & Accompanying വേല MiddleAge എന്ന വിഷയത്തിൽ വൈദികർക്കും സമർപ്പിതർക്കുമായി ഡി.ബി.സി.എൽ.സിയിൽ 26, 27 തിയതികളിൽ നടത്തപ്പെട്ട പരിശീലന പരിപാടിയിൽ അഭിവന്ദ്യ പിതാക്കന്മാർ ക്ലാസുകൾ എടുത്തു.

27. സി.എം.സി. പാലക്കാട് പ്രൊവിൻസ് കാളത്തോട് ആരംഭിച്ച പുതിയ മഠം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് വെഞ്ചിരിക്കുകയും അവിടെ ദിവ്യബലിയർപ്പിക്കുകയും ചെയ്തു. പാവറട്ടിയിൽ നടന്ന തീരദേശ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വചന സന്ദേശം നല്കി. വല്ലച്ചിറ ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. പറോക് ട്രസ്റ്റ് യോഗത്തിൽ പങ്കെടുത്തു.

28. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് സെന്റ് മേരീസ് മൈനർ സെമിനാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ ഡി.ബി.സി.എൽ.സി.യിൽ വച്ച് വൈദികരുടെ മാസധ്യാനവും വൈദികസമ്മേളനവും നടന്നു. പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. തൃശ്ശൂർ ടൗൺ ഹാളിൽ വച്ചു നടന്ന മോർ ബസ്സലേിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവയുടെ അനുസ്മരണ യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തൃശ്ശൂർ അതിരൂപത വൈദികരുടെ മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുത്തു.

29. രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് മേരിമാത മേജർ സെമിനാരി സന്ദർശിച്ച് ദിവ്യബലിയർപ്പിച്ചു. വരാക്കര നോർത്ത് ഇടവകയിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നാലാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി.

30. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ നാമഹേതുക തിരുനാൾ ദിനം രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ചെന്നായ്പ്പാറയിലുള്ള ആകാശപ്പറവകൾ എന്ന അഗതിമന്ദിരത്തിൽ ദിവ്യബലിയർപ്പിക്കുകയും അവിടെ പണികഴിപ്പിച്ചിട്ടുള്ള പുതിയ ഗ്രോട്ടോ വെഞ്ചിരിക്കുകയും ചെയ്തു. ജൂബിലി മിഷൻ മെഡി

ക്കൽ കോളേജിൽ 'ഹോസ്പിറ്റൽ ഡേ'യുടേയും ബഹു. ഫാ. പോൾ ചാലിശ്ശേരിയുടെ പൗരോഹിത്യ രജത ജൂബിലിയുടേയും ആഘോഷ പരിപാടികളിൽ പങ്കെടുത്തു. ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടത്തപ്പെട്ട കുട്ടികളുടെ ഭാരവാഹികളുടെ യോഗത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു. തൃശ്ശൂർ സെന്റ് തോമസ് സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം സെന്റ് തോമസ് കോളേജിന്റെ ഫാമിലി യോഗത്തിൽ പങ്കെടുത്തു. തുടർന്ന് ഇരവിമംഗലം ഇടവകയിലെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

മരുഭൂമിയിലെ
പരീക്ഷ
**കർത്താവിന്റെ
ആത്മാവ് എന്റെ
മേൽ ഉണ്ട്.**
**(ലൂക്ക. 4, 18)**

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനിയാഴ്ചാചരണം**

രക്ഷകനായ നമ്മുടെ കർത്താവിന്റെ തിരുപിറവിക്കായി ഒരുങ്ങികൊണ്ടിരുന്ന ഡിസംബർ മാസത്തിൽ ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചനെ സ്മരിച്ചുകൊണ്ടുള്ള രണ്ടാം ശനി ഓർമ്മായാചരണം 14.12.2024 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക ദൈവാലയത്തിൽവെച്ച് ആചരിക്കുകയുണ്ടായി. ഹെറാൾഡ്സ് ഓഫ് ഗുഡ് ന്യൂസ് എന്ന സന്യാസസഭാംഗവും സെമിനാരി വൈസ് റെക്ടറും ധ്യാനഗുരുവുമായ ബഹു. എബിൻ തോമസ് കൊശക്കുഴിയിൽ കുന്നുംപുറത്ത് അച്ചനാണ് അന്നേ ദിനത്തിൽ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികനായത്. ബഹു. എബിൻ അച്ചൻ തന്നെയാണ് ആരാധന നടത്തിയത്. മേലൂരിൽനിന്നുള്ള ചാരിററി സിസ്റ്റേഴ്സിന്റെയും അവിടെയുള്ള ബാലഭവനിലെ കുട്ടികളുടെയും മേലൂർ സെന്റ് ജോസഫ് ഇടവകയിൽനിന്നുള്ള ധാരാളം വിശ്വാസികളുടെയും ഇതര ഇടവകകളിൽനിന്നും മറ്റും വന്ന ഭക്തരുടെയും സാന്നിധ്യം തിരുകർമ്മങ്ങളെ ധന്യമാക്കി തീർത്തു. പാത്രമംഗലം ഇടവകാംഗമായ

പാലയൂർ ജിതിൻ പി. ജോയ് & ഫാമിലിയാണ് അന്നേ ദിനത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്.

ഭക്തിനിർഭരവും ഗാനാത്മകവുമായ വശുദ്ധ ബലി മധ്യേ ബഹു. എബിൻ അച്ചൻ കരുണയുടെ ആൾരൂപമായ ധന്യനായ ഊക്കന ച്ചനെക്കുറിച്ച് സന്ദേശം നല്കി. പാവങ്ങളെയും പാപികളെയും തേടി വിണ്ണിൽനിന്നും മണ്ണിലേക്കു വന്ന ദൈവപുത്രന്റെ ജന്മദിന ത്തിനൊരുങ്ങുന്ന ഈ മാസത്തിൽ തന്റെ ഗുരുവിനെ പൂർണ്ണമായും അനുകരിക്കുകയും അനുഗമിക്കുകയും ചെയ്ത് പാവങ്ങളുടെ പിതാവായി മാറിയ ഒരു പുണ്യവൈദികന്റെ കബറിട ദൈവാലയ ത്തിൽ വിശുദ്ധ ബലി അർപ്പിച്ച് മാധ്യസ്ഥ്യം തേടുവാൻ സാധിച്ചത് അനുഗ്രഹമായി കാണുന്നുവെന്ന് ബഹു. അച്ചൻ എടുത്തു പറയു കയുണ്ടായി. അവശ്യക്കാരുടെയും പരിത്യക്തരുടെയും ഇടയിലേക്ക് ഇറങ്ങിച്ചെന്ന് 'അച്ചൻ തമ്പുരാനായി' മാറിയ ഈ ശ്രേഷ്ഠവൈദി കനെപ്പോലെ ആകുവാൻ നമുക്കും പരിശ്രമിക്കാം, അതിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ബഹു. അച്ചൻ ഓർമ്മപ്പെടുത്തുകയുണ്ടായി. ചൊവ്വന്നൂർ ഇടവക വികാരി ബഹു. ഫാ. തോമസ് ചൂണ്ടൽ എല്ലാവർക്കും നന്ദി പറഞ്ഞു.


പ്രത്യാശയുടെ തീർത്ഥാടകരായി ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ് നാം. ദൈവികതീർത്ഥയാത്രയെക്കുറിച്ച് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ ഏതാനും സൂക്തങ്ങൾ:

– തീർത്ഥയാത്രക്കാരനെപ്പോലയായിരിക്കുക. സ്വർഗ്ഗമാണ് നമ്മുടെ വീടെന്നും ഈ ലോകം വിദേശം മാത്രമാണെന്നും കരുതി ലോകത്തിൽ കാണുന്ന സുഖസന്തോഷങ്ങളെ അവഗണിച്ച് വേഗ ത്തിൽ സ്വദേശമായ സ്വർഗ്ഗത്തിൽ ചെന്നെത്തണമെന്ന് കരുതി അതി വേഗത്തിൽ നടക്കുക.

പാപികളുടെ അഭയകേന്ദ്രമാണ് അമ്മ, തന്റെ മക്കളെയെല്ലാം അവൾ ഒരുമിച്ചുകൂട്ടുകയും തന്റെ കാപ്പയുടെ കീഴിൽ സംരക്ഷി ക്കുകയും സ്വർഗ്ഗരാജ്യത്തിലേക്ക് സുരക്ഷിതമായി നയിക്കുകയും ചെയ്യുന്നു.

ഈ ലോക ജീവിതയാത്രയിൽ ഞാനൊരു പഥികനാണ്. ഞാനി വിടെ സ്ഥിരതാമസക്കാരനാകാതിരിക്കുവാനായി സഹനങ്ങൾ നല്കിക്കൊണ്ട് യേശു എന്നെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



**സാന്നിദ്ധ്യവും സമർപ്പണവും**: വിശുദ്ധ കുർബാനയുടെ യഥാർത്ഥ സാന്നിദ്ധ്യത്തെപ്പറ്റി'എന്റെ കുർബാന'എന്ന ഗ്രന്ഥത്തിലെ വിചിന്തനങ്ങൾ തുടരുന്നു. അപ്പത്തിന്റെ സാദൃശ്യത്തിലുള്ള കർത്താവിന്റെ സാന്നിദ്ധ്യം ഏറ്റം അത്ഭുതകരമായ യാഥാർത്ഥ്യവും അതിൽത്തന്നെ സഹായകരവും ആശ്വാസപ്രദവുമാണ്. ആത്മാവിൽ വലിയ കൃപ ഈശോയുടെ സാന്നിദ്ധ്യംമൂലം വർഷിക്കപ്പെടുന്നു. ഈ കൂദാശയുടെ ഫലവും അടയാളവുമായി ഇതു മാറുന്നു. ഈശോയുടെ സാന്നിദ്ധ്യത്തിന്റെ യഥാർത്ഥ അർത്ഥം ആദ്ധ്യാത്മികമാണ്. നമ്മെ വിശുദ്ധീകരിക്കാനുള്ള അവിടുത്തെ ശക്തിയുടെയും ആഗ്രഹത്തിന്റെയും സാന്നിധ്യമാണത്. ഈ സാന്നിദ്ധ്യം നമ്മെ നമ്മുടെ രക്ഷകന്റെ ആദ്ധ്യാത്മിക സാന്നിദ്ധ്യത്തിലേക്കും ഇടപെടലിലേക്കും നയിക്കണം. ഇവിടെ സന്നിഹി

തനായിരിക്കുന്ന യേശുവിനോടുള്ള സ്നേഹം അർത്ഥപൂർണ്ണമെങ്കിൽ സജീവനായ ക്രിസ്തുവിലേക്ക് എത്തിച്ചേരാൻ നമ്മെ സഹായിക്കും. എല്ലാ അതിസ്വാഭാവിക ജീവന്റെയും ഉറവിടവും മനുഷ്യവർഗത്തിന്റെ സ്നേഹത്തിന്റെയും ജീവന്റെയും കേന്ദ്രവുമാണ് ഈശോ എന്ന് യഥാർത്ഥ സാന്നിദ്ധ്യം എപ്പോഴും നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ കൂദാശവഴി ദൈവവുമായി നമ്മുടെ ആത്മാക്കളുടെ ഐക്യം ക്രിസ്തു ഉളവാക്കുന്നു. മഹത്തായ കാരുണ്യത്തിന്റെ അടയാളമായി അതു മാറുന്നു.

യഥാർത്ഥ സാന്നിദ്ധ്യത്തെപ്പറ്റി പറയുന്നത് യഥാർത്ഥ സമർപ്പണത്തെപ്പറ്റിയും പറയാം. നമ്മുടെ സമർപ്പണവും കൂദാശയുടെ ഫലവും അടയാളവുമാണ്(res et sacramentum). നമ്മുടെ കാഴ്ചവസ്തുക്കളുടെ സത്താഭേദത്തിന്റെ ഉടനടിയുള്ള ഫലവും നമ്മുടെ സമർപ്പണത്തിന്റെ ഉദാത്തീകരണത്തിന്റെ ക്രിയാത്മകമായ അടയാളവുമാണത്. നമ്മുടെയും ക്രിസ്തുവിന്റെയും ബലികൾ തമ്മിൽ മായ്ക്കാനാകാത്ത ഐക്യമാണ് വി.കുർബാനയുടെ യഥാർത്ഥ അർത്ഥം. കാൽവരിയിലെ ബലിവസ്തുവായി നമ്മുടെ കാഴ്ചകൾ മാറ്റപ്പെടുന്നത് അതാണ് വ്യക്തമാക്കുന്നത്. ദൈവത്തിനു നൽകുന്ന സ്വയം സമർപ്പണത്തിൽ ക്രിസ്തുവും അവിടുത്തെ അംഗങ്ങളും തമ്മിലുള്ള ആദ്ധ്യാത്മികവും അതിസ്വാഭാവികവുമായ ഐക്യമാണ് കുർബാനയുടെ യഥാർത്ഥ രഹസ്യം.

വിശുദ്ധ കുർബാന സഭയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈശോയുടെകൂടെ അർപ്പിക്കുവാൻ ഇപ്പോൾ അവിടുന്ന് നമ്മിൽക്കൂടി സമർപ്പിക്കുന്നു. അവിടുന്ന് തന്റെ ജീവിതം ഒരു പരിപൂർണ്ണ ബലിയാക്കി. തന്റെ അംഗങ്ങളും അതുതന്നെ ചെയ്യുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. തന്റെ അംഗങ്ങളിൽ ജീവിക്കുന്നതിനാൽ അവരെ സ്നേഹിക്കാനും അവരിലൂടെ സമർപ്പിക്കാനും അവിടുന്ന് ആഗ്രഹിക്കുന്നു. അങ്ങനെ ദൈവത്തിനും നമ്മുടെ നിത്യപുരോഹിതനും നൽകപ്പെടുന്ന ഒരു സാർവ്വത്രിക ബലിയായി ക്രൈസ്തവസഭ മുഴുവൻ മാറും (വി. അഗസ്റ്റിൻ).

NB. ദൈവദാസൻ ബഹുമാനപ്പെട്ട ആന്റണി തച്ചുപറമ്പിലച്ചന്റെ പൗരോഹിത്യസ്വീകരണ ശതാബ്ദി (ഡിസംബർ 22, 2024) വിശുദ്ധ ബലിയോടെ ചേലക്കര ദേവാലയത്തിൽവെച്ച് അനുസ്മരിച്ചു. വൈസ് പോസ്റ്റുലേറ്റർ ഫാദർ പോൾ പുളിക്കൻ ഡിസംബർ 20ന് നടന്ന ദിവ്യബലിക്ക് നേതൃത്വം നല്കി.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. സെബി പുത്തൂർ | 01 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 07 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 07 |
| ഫാ. തോമസ് ചൂണ്ടൽ | 09 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 09 |
| ഫാ. ടെഡ്സ് കുന്നപ്പിള്ളി | 09 |
| ഫാ. ടെൻസ് കുന്നപ്പിള്ളി | 09 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 09 |
| ഫാ. ഫ്രിന്റോ കിഴക്കേകണ്ണൻചിറ | 10 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 11 |
| ഫാ. അഭിജിത്ത് പടിഞ്ഞാക്കര | 11 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 12 |
| ഫാ. ജോളി ചിറമ്മൽ | 13 |
| ഫാ. ജിഫി മേക്കാട്ടുകുളം | 13 |
| ഫാ. ജിയോ തെക്കിനിയത്ത് | 13 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 16 |
| ഫാ. പോൾ താണിക്കൽ | 16 |
| ഫാ. റിജോ വിതയത്തിൽ | 16 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 18 |
| ഫാ. ബാബു അപ്പാടൻ | 19 |
| ഫാ. ജോയ്സൻ കോരെത് | 19 |
| ഫാ. ജീൻ ചിറയത്ത് | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ആന്റണി കൊള്ളന്നൂർ | 21 |
| ഫാ. പോൾ കാപ്പാനി | 22 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 25 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 26 |
| ഫാ. ഷാന്റോ തലക്കോട്ടൂർ | 27 |
| ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ | 30 |




| | |
|---|---|
| ഫാ. സിറിയക് ചാലിശ്ശേരി | 03 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 03 |
| ഫാ. കുരിയാക്കോസ് കൊച്ചുപുരക്കൽ | 03 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 03 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. എഡ്വിൻ ഐനിക്കൽ | 20 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 20 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 20 |
| ഫാ. ഡേവിസ് ചക്കാലക്കൽ | 20 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 20 |
| ഫാ. ഡേവിസ് ചെറയത്ത് | 20 |
| ഫാ. ഡേവിസ് ചിറമ്മൽ Jr. | 20 |
| ഫാ. സിംസൺ ചിറമ്മൽ | 20 |
| ഫാ. ഏബിൾ ചിറമ്മൽ | 20 |

| | |
|---|---|
| ഫാ. ഡെന്നി ചിറയത്ത് | 20 |
| ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. സെബി ചിറ്റാട്ടുകര | 20 |
| ഫാ. ജോയ് ചിറ്റിലപ്പിള്ളി Sr. | 20 |
| ഫാ. സെബി ചിറ്റിലപ്പിള്ളി | 20 |
| ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി | 20 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 20 |
| ഫാ. സജീവ് ഇമ്മട്ടി | 20 |
| ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 20 |
| ഫാ. ബെസ്റ്റിൻ കാക്കശ്ശേരി | 20 |
| ഫാ. സ്റ്റാർസൻ കള്ളിക്കാടൻ | 20 |
| ഫാ. ഡേവിസ് കണ്ണമ്പുഴ | 20 |
| ഫാ. ജിജോ കപ്പിലാംനിരപ്പേൽ | 20 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 20 |
| ഫാ. മേജോ കോരെത് | 20 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 20 |
| ഫാ. സിനോജ് നീലങ്കാവിൽ | 20 |
| ഫാ. ഡേവിസ് പനംകുളം | 20 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 20 |
| ഫാ. ആൽവിൻ പട്ട്യേക്കൽ | 20 |
| ഫാ. ജിനു പയ്യപ്പിള്ളി | 20 |
| ഫാ. ജെയ്സൻ പഴയേടത്ത് | 20 |
| ഫാ. സെബാസ്റ്റ്യൻ പെരൂട്ടിൽ | 20 |
| ഫാ. ജോമോൻ പൊന്തേക്കൻ | 20 |
| ഫാ. സിന്റോ പൊന്തേക്കൻ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 20 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ Jr. | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. ജോയ് പുത്തൂർ | 20 |
| ഫാ. സെബി പുത്തൂർ | 20 |
| ഫാ. ഡെന്നി താണിക്കൽ | 20 |
| ഫാ. ലിൻസൻ തട്ടിൽ | 20 |
| ഫാ. ഡേവിസ് തെക്കേക്കര | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 20 |
| ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് | 20 |
| ഫാ. ദാവീദ് വിതയത്തിൽ | 20 |
| ഫാ. പോൾ ആലപ്പാട്ട് | 25 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 28 |
| ഫാ. രാജു അക്കര | 31 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 31 |




| | |
|---|---|
| ഫാ. മേച്ചേരി ഔസേപ്പ് | 06.01.1916 |
| ഫാ. ഇരിമ്പൻ ഗീവർഗ്ഗീസ് | 01.01.1917 |
| ഫാ. തേറാട്ടിൽ പൊറിഞ്ചു | 31.01.1941 |
| ഫാ. എടത്തുരുത്തിക്കാരൻ ജോൺ | 11.01.1948 |
| ഫാ. മണവാളൻ ജോസഫ് | 18.01.1950 |
| ഫാ. മഞ്ഞളി ഇഗ്നേഷ്യസ് | 10.01.1952 |
| ഫാ. പോട്ടോക്കാരൻ ജേക്കബ് | 02.01.1968 |
| ഫാ. പാലയൂർ മാത്യു | 10.01.1972 |
| ഫാ. മേനാച്ചേരി സിറിയക് | 04.01.1975 |
| ഫാ. കുണ്ടുകുളം പീറ്റർ | 23.01.1976 |
| ഫാ. ആളൂർ പോൾ | 21.01.1982 |
| മോൺ. അക്കര ജോർജ്ജ് | 21.01.1983 |

| | |
|---|---|
| ഫാ. മഞ്ഞളി ജേക്കബ് | 30.01.1984 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.01.1985 |
| ഫാ. കിടങ്ങൻ മാത്യു | 04.01.1989 |
| ഫാ. എലുവത്തിങ്കൽ ജോൺ | 02.01.1990 |
| ഫാ. തരകൻ ആന്റണി | 07.01.1992 |
| ഫാ. തേർമഠം സെബാസ്റ്റ്യൻ | 13.01.1997 |
| ഫാ. ആലപ്പാട്ട് പോൾ Sr. | 08.01.2005 |
| ഫാ. പൊറത്തൂർ ലാസർ | 08.01.2006 |
| ഫാ. മഞ്ഞളി ജോസഫ് ഡി. | 23.01.2006 |
| ഫാ. ചാലക്കൽ ആന്റണി | 06.01.2009 |
| ഫാ. ചാഴൂർ ജോസഫ് | 04.01.2014 |
| മോൺ. തലച്ചിറ തോമസ് | 11.01.2014 |
| ഫാ. അന്തിക്കാട്ട് നിക്കോളസ് | 17.01.2016 |
| ഫാ. ചാലക്കൽ ലൂവീസ് | 15.01.2021 |
| ഫാ. ആന്റണി തെക്കിനിയത്ത് | 27.01.2022 |
| ഫാ. ആന്റണി തോട്ടാൻ | 30.01.2022 |
| ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി | 31.01.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ
### നവംബർ 2024

**എഫ്.സി.സി.**

നവംബർ 2-ാം തീയതി ഡി.ബി.സി.എൽ.സി യിൽ വച്ചു നടന്ന അതിരൂപതയിലെ വൈദീകസമിതിയംഗങ്ങളുടെയും സമർപ്പിത സമൂഹങ്ങളുടെ പ്രതിനിധികളുടെയും സംയുക്ത യോഗത്തിൽ സി. രേഖ റോസ് സംബന്ധിച്ചു. നവംബർ 4-ാം തീയതി എഫ്.സി.സി. ആലുവ പോർസ്യുങ്കുള ജനറലേറ്റിൽ ആദ്യവ്രതവാഗ്ദാനം നടത്തിയ സിസ്റ്റേഴ്സിനായി നടത്തിയ സംഗമത്തിൽ അസ്സീസി പ്രോവിൻസിലെ 6 ജൂനിയേഴ്സ് സംബന്ധിച്ചു. നവംബർ 5-ാം തീയതി അസ്സീസിയിൽ രാവിലെ 6.30 ന് അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രൊവിൻഷ്യൽ ടീമിന് വേണ്ടി കൃതജ്ഞതയർപ്പിച്ചു. നവംബർ 10-ാം തീയതി വൈകീട്ട് ബ. ഫാ. ജോൺസ് പുൽപറമ്പിൽ OFM Cap ന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രൊവിൻഷ്യൽ ഇലക്ഷൻ സിനാക്സിന് ഒരുക്കമായുള്ള ധ്യാനത്തിൽ 101 സിനാക്സിസ് അംഗങ്ങൾ സംബന്ധിച്ചു. 17-ാംതീയതി നടന്ന തെരഞ്ഞെടുപ്പിൽ ബ. സി. ഫോൺസി മരിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി അസ്സീസി പ്രോവിൻസിന്റെ സാരഥ്യം ഏറ്റെടുത്തു. ബ. സി. ഫിലോ ജീസ്, ബ. സി. ഉഷസ് ആളൂർ, ബ. സി. റോസ് ജോസഫ്, ബ. സി ജെയ്സി ക്ലെയർ എന്നിവർ കൗൺസിലേഴ്സായും ബ.സി ആഷ്ലി ജോർജ്ജ്, ബ. സി. റെയ്ച്ചൽ ക്രിസ്റ്റോ എന്നിവർ യഥാക്രമം പ്രൊവിൻഷ്യൽ ഫിനാൻസ് ഓഫീസറായും പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

നവംബർ 24-ാം തീയതി മനക്കൊടി സാവിയോ ഹോമിന്റെ ഹോം ഡെയോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനത്തിൽ ബ. പ്രൊവിൻഷ്യൽ സുപ്പീരിയർ പങ്കെടുത്ത് ആശംസകളർപ്പിച്ചു. നവംബർ 26,27 തീയതികളിൽ DBCLCയിൽ വെച്ച് പറോക് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, 'Facing the Middle Age & Accompanying

the Middle - Aged' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന പരിശീലന പരിപാടിയിൽ സി. റോസ് ബാസ്റ്റിൻ, സി. റെയ്മ ജീസ്, സി. ടെസ്മി തരകൻ, സി. ജെസ്റ്റി ചാലക്കൽ, സി. പ്രിയ ഫ്രാൻസീസ് എന്നിവർ സംബന്ധിക്കുകയുണ്ടായി. നവംബർ 30–ാം തീയതി നാമഹേതുക തിരുന്നാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് പ്രൊവിൻഷ്യൽ ടീമംഗങ്ങളും അസ്സീസി ഭവനാംഗങ്ങളും ബിഷപ്പ് ഹൗസിൽ ചെന്ന് പ്രാർത്ഥനാശംസകൾ നേർന്നു.

**സി.എം.സി.**

ആഗോളമിഷന്റെ ഭാഗമായി ഒരു പുതിയ പ്രേഷിതമേഖലകൂടി സി.എം.സി തൃശൂർ നിർമലാപ്രോവിൻസ് ആരംഭിച്ചു. സുവിശേഷവത്ക്കരണത്തിനു ഏറെ പ്രേഷിതസാധ്യതയുള്ള തെക്കേ അമേരിക്കയിലെ 'Suriname' എന്ന രാജ്യത്ത് 'Carmel Convent' എന്ന പേരിൽ പുതിയ ഭവനത്തിന് തുടക്കമിടുകയും 3 സിസ്റ്റേഴ്സ് അവിടെ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു. സി.എം.സി സംയോജനദിനമായ നവംബർ 16ന് എല്ലാ സി.എം.സി. ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും നാളിതുവരെ ദൈവം തന്ന ദാനങ്ങൾക്കായി നന്ദി പറയുകയും ചെയ്തു. വി. കുര്യാക്കോസ് ഏലിയാസ് ചാവറ, വി. എവുപ്രാസ്യ എന്നിവരുടെ വിശുദ്ധപദപ്രഖ്യാപനത്തിന്റെ ദശവത്സരാഘോഷം നവംബർ 16 ന് ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ വെച്ച് സാഘോഷം നടത്തി. ആഘോഷമായ ദിവ്യബലിയിൽ കൂരിയ ബിഷപ്പ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും സി.എം.സി. സുപ്പീരിയർ ജനറൽ സി. ഗ്രെയ്സ് തെരേസ് അധ്യക്ഷത വഹിക്കുകയും ചെയ്തു.

**സി.എസ്.എം**

പ്രൊവിൻസിലെ എല്ലാ സിസ്റ്റേഴ്സിനും പ്രായാടിസ്ഥാനത്തിൽ സി. ജോസിയ എസ്.ഡി യുടെ നേതൃത്വത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. പ്രൊവിൻസിന്റെ കീഴിലുള്ള ഭോപ്പാൽ മിഷൻ സ്റ്റേഷനിൽ ഒരു പുതിയ ഭവനം നിർമ്മിക്കുകയും അതിന്റെ വെഞ്ചിരിപ്പ് കർമ്മം നവംബർ 16 ന് ഭോപ്പാൽ അതിരൂപതാദ്ധ്യക്ഷൻ മാർ സെബാസ്റ്റ്യൻ ദുരൈരാജിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുകയും ചെയ്തു. അഞ്ചാം പ്രൊവിൻഷ്യൽ സിനാക്സിസ് ഡിസംബർ 5 മുതൽ 11 വരെ പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് നടക്കുന്നു. സ്ഥാപക

പിതാവിന്റെ അനുസ്മരണദിനംജനറലേറ്റിന്റെ നേതൃത്വത്തിൽ പൊന്നൂക്കര അസംപ്ഷൻ മഠം കപ്പേളയിൽ വച്ച് സമുചിതമായി നടത്തി. ബഹു. ജോസ് പ്രകാശ് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ റാസകുർബാനയും തുടർന്ന് ഇരു പ്രൊവിൻസുകളിലേയും സിസ്റ്റേഴ്സിനായി ക്വിസ് മത്സരവും സംഘടിപ്പിച്ചു. അന്നേ ദിനം സ്ഥാപക പിതാവ് ബഹു. ജോൺ കിഴക്കൂടൻ അച്ചൻ ഉപയോഗിച്ചിരുന്ന കട്ടിൽ കുടുംബാംഗങ്ങൾ സിസ്റ്റേഴ്സിന് കൈമാറി. നവംബർ 16 സ്ഥാപക പിതാവ് സ്ഥാപിച്ച സെന്റ് ആൻസ് ദൈവാലയത്തിൽ വി. കുർബാന ഉണ്ടായിരുന്നു. 100 ഓളം സിസ്റ്റേഴ്സ് പങ്കെടുത്തു. നവംബർ 6 ന് 3 പോസ്റ്റുലൻസി കുട്ടികൾ നോവിഷ്യേറ്റിലേക്കുംനവംബർ 24 ന് come & see കുട്ടികൾ ആസ്പിരസിയിലേക്കും പ്രവേശിച്ചു.

**സി. എസ്. എസ്.**

പറോക് ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഡി.ബി. സി.എൽ.സി യിൽ നവംബർ 26,27 തിയതികളിൽ സംഘടിപ്പിച്ച പരിശീലന പ്രോഗ്രാമിൽ സ്നേഹോദയ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സിസ്റ്റർ റിറ്റ സി. എസ്. എസ് , സി. ജയ ഫിലിപ്പ്, സി. തേരേസ് ജോൺ എന്നിവർ പങ്കെടുത്തു. ഈ വർഷം സന്യാസസമർപ്പിതജീവിതത്തിന്റെ സുവർണ്ണ രജത ജൂബിലി ആഘോഷിക്കുന്ന 18 സിസ്റ്റേഴ്സിനായി മണ്ണൂത്തി ഹോളിസ്പിരിറ്റ് ജനറലേറ്റിൽ നടത്തിയ ജൂബിലി ആഘോഷങ്ങൾക്ക് സീറോമലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. സമരിറ്റൻ സന്യാസിനിസമൂഹത്തിന്റെ പ്രമാണരേഖ, അനുഷ്ഠാനകർമ്മങ്ങൾ, രൂപീകരണപദ്ധതി എന്നിവയുടെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുകയും 120 സിസ്റ്റേഴ്സ് അതിൽ പങ്കെടുക്കുകയും ചെയ്തു. സുവർണ്ണജൂബിലികഴിഞ്ഞ സിസ്റ്റേഴ്സിനായി നവംബർ 21 ന് fraternal gathering നടത്തപ്പെടുകയും Rev. Fr. Joice SDB ക്ലാസ്സിന് നേതൃത്വം നല്കുകയും 17 സിസ്റ്റേഴ്സ് അതിൽ പങ്കെടുക്കുകയും ചെയ്തു. ആസ്പിരൻസിന്റെ വാർഷികധ്യാനം സെപ്റ്റംബർ 24 മുതൽ 29 വരെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും ബഹു. ഫാ. സജി തെക്കേകൈതകാട്ട് സി.എം. ഐ. യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**സി. സോഫി**
**പെരേപ്പാടൻ SABS**
പ്രസിഡണ്ട്

**സി. ലെത്തീസിയ SMC**
സെക്രട്ടറി

# ₹ സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടെയും കണക്കെഴുത്തുക്കാരുടെയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ കൈകാരന്മാരുടെയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2024 നവംബർ 23 ന് ശനിയാഴ്ച രാവിലെ 9.00 മണിക്ക് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 400 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. റവ.ഫാ. വർഗീസ് കുത്തൂർ സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് യോഗത്തിൽ ആമുഖ പ്രഭാഷണം നടത്തി. സ്ഥാവര ജംഗമ വസ്തുകൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടവ, വാടക കരാറുകൾ, ദർപൺ റജിസ്ട്രേഷനെ പറ്റിയുള്ള വിവരങ്ങൾ എന്നിവയെ കുറിച്ച് അഡ്വ. രജിത് ആറ്റത്തറ ക്ലാസ്സെടുത്തു. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Income Tax, GST, TDS എന്നീ നിയമങ്ങളെക്കുറിച്ച് Chartered Accountant ശ്രീ.ജോസഫ് കാങ്കപ്പാടൻ ക്ലാസ്സെടുത്തു. പള്ളികളുടെ കണക്കുകൾ എഴുതുമ്പോൾ സോഫ്റ്റ്‌വെയറിൽ എൻട്രി ചെയ്യുന്നതിനെ സംബന്ധിച്ച് ഫാ. ആൻസൻ നീലങ്കാവിൽ ക്ലാസ്സെടുത്തു. 2023–2024 വർഷത്തെ മിഷൻ സണ്ടെ, ദുഃഖവെള്ളി പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്ക്/സ്ഥാപനങ്ങൾക്ക് ട്രോഫികൾ യോഗത്തിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും കൂടി വിതരണം ചെയ്തു. 2023 നവംബർ മുതൽ 2024 നവംബർ വരെയുള്ള കാലയളവിൽ ഇടവകകളിൽ റിട്ടയർ ചെയ്ത ക്ലർക്ക്, അക്കൗണ്ടന്റ്സ് എന്നിവർക്കുള്ള ആദരവ് ഈ മീറ്റിംഗിൽ നൽകി. ഫാ. സാജൻ വടക്കൻ സദസ്സിന് നന്ദി പ്രകാശിപ്പിക്കുകയും തുടർന്ന് സ്നേഹവിരുന്നോടുകൂടിയോഗം സമാപിക്കുകയും ചെയ്തു.

മരണമടഞ്ഞ വൈദികരുടെ മരണപത്രപ്രകാരം ലഭിച്ച സംഭാവകൾ

1. ഫാ.ചാക്കോ ചെറുവത്തൂർ– 44755.50/–

| | |
|---|---|
| **ഫാ. വർഗീസ് കുത്തൂർ** | **ഫാ. സാജൻ വടക്കൻ** |
| ഫിനാൻസ് ഓഫീസർ | അസി. ഫിനാൻസ് ഓഫീസർ |

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

പ്രിയ കുഞ്ഞുങ്ങളേ,

പുതുവർഷത്തിന്റെ ആശംസകൾ ഏവർക്കും ഞാൻ സ്നേഹത്തോടെ നേരുന്നു. ക്രിസ്തുമസ് അവധിയെല്ലാം കഴിഞ്ഞ് എല്ലാവരും സ്കൂളുകളിലേക്ക് പോയി തുടങ്ങിയിരിക്കുമല്ലോ. ക്രിസ്തുമസ് കാലം ആത്മീയമായി ഒരുപാട് ഫലങ്ങൾ നേടാൻ നിങ്ങൾക്ക് സാധിച്ചു എന്നു കരുതട്ടെ.

പുതുവർഷം പുതിയ തീരുമാനങ്ങൾ എടുക്കുന്ന അവസരമാണ്. മോശം കാര്യങ്ങൾ ഉപേക്ഷിക്കാനും നല്ല കാര്യങ്ങൾ ആരംഭിക്കാനുമുള്ള നല്ലൊരു അവസരമാണ് പുതുവർഷാരംഭം. വിശുദ്ധ ഗ്രന്ഥം പറയുന്നു: 'എനിക്കെതിരായി നിങ്ങൾ ചെയ്ത അതിക്രമങ്ങൾ ഉപേക്ഷിക്കുവിൻ; ഒരു പുതിയ ഹൃദയവും പുതിയ ചൈതന്യവും നേടുവിൻ' (എസെക്കിയേൽ 18: 31). ക്രിസ്തുവെന്ന ലക്ഷ്യത്തിലേക്കുള്ള യാത്ര പുതിയ ഹൃദയത്തോടെയും ചൈതന്യത്തോടെയും തുടരാനായി നവവത്സരം എന്ന അവസരം ഉപയോഗപ്പെടുത്തുക. ആ ലക്ഷ്യത്തിൽ നിന്ന് അകറ്റുന്നവ ഉപേക്ഷിക്കാനും ലക്ഷ്യത്തിലേക്ക് അടുപ്പിക്കുന്നവ കണ്ടെത്തി ശീലിക്കാനും ആവശ്യമായ തീരുമാനങ്ങൾ എടുക്കാൻ നിങ്ങൾക്കു സാധിക്കട്ടെ.

നിങ്ങളുടെ ഇപ്പോഴത്തെ ശ്രദ്ധ എങ്ങനെ ഒരു നല്ല കത്തോലിക്ക വിദ്യാർത്ഥിയാകാം എന്നതിലായിരിക്കണം. ക്രിസ്തുവിനേയും അവിടുത്തെ സഭയേയും സ്നേഹിക്കുന്ന, ക്രിസ്തുവിനെ ഏകലോക രക്ഷകനായി വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഏറ്റുപറയുന്ന, പഠിക്കുക എന്ന ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കുന്ന കുട്ടികളാവുക എന്നതാണ് 'നല്ല കത്തോലിക്ക വിദ്യാർത്ഥികളാവുക' എന്നതുകൊണ്ട് ഞാൻ ഉദ്ദേശിച്ചത്. അതിന് ഉതകുന്ന തീരുമാനങ്ങൾ എടുക്കാനും പ്രാവർത്തികമാക്കുവാനും നിങ്ങൾ തയ്യാറാകണം.

ഡിസംബർ മാസത്തിലെ കത്തിൽ ഞാൻ സൂചിപ്പിച്ചതുപോലെ 2025 നമ്മുടെ കർത്താവിന്റെ ജനനത്തിന്റെ ജൂബിലി വർഷമാണ്. 'പ്രത്യാശയുടെ തീർത്ഥാടക'രാകാനാണ് ഈ ജൂബിലി അവസരത്തിൽ സഭ നമ്മോട് ആവശ്യപ്പെടുന്നത്. നമുക്കു വേണ്ടി മനുഷ്യനാ

കാൻ തക്കവിധം ദൈവം നമ്മെ സ്നേഹിച്ചു എന്ന തിരിച്ചറിവ് ഏത് സങ്കടങ്ങൾക്ക് നടുവിലും നമുക്ക് പ്രത്യാശ നൽകുന്നതാണ്. ദൈവത്തിന്റെ ആ സ്നേഹം നമുക്ക് അനുഭവിച്ചറിയാവുന്നത് ഈശോയുടെ തിരുഹൃദയത്തിലാണ്. അതുകൊണ്ടാണ് തിരുഹൃദയ ഭക്തിയിൽ വളരാൻ Dilexit Nos (അവൻ നമ്മെ സ്നേഹിച്ചു) എന്ന ചാക്രിക ലേഖനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ നമ്മോട് ആഹ്വാനം ചെയ്യുന്നത്. ഈശോയുടെ ഹൃദയത്തിന്റെ സ്നേഹം ആസ്വദിക്കാൻ നിങ്ങൾക്കു സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്.

ഒരിക്കൽ കൂടി നിങ്ങൾക്കെല്ലാവർക്കും പുതിയ നല്ല തീരുമാനങ്ങളുടെ ഒരു നവവത്സരം ആശംസിച്ചുകൊണ്ട് നിർത്തട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കുശേഷം, ദൈവത്തിന്റെ മറ്റൊരു വലിയ സമ്മാനമായ പുതുവർഷത്തിലേക്ക് (2025) പ്രതീക്ഷാപൂർവ്വം പ്രവേശിക്കുന്നു. ദനഹായിലൂടെ ലോകത്തിനു തന്നെത്തന്നെ വെളിപ്പെടുത്തിയ ഈശോയുടെ സുവിശേഷം ഈ പുതുവർഷത്തിൽ നമുക്കേവർക്കും സന്തോഷവും സമാധാനവും പ്രദാനം ചെയ്യട്ടെ. ദൈവകൃപയിൽ ആശ്രയിച്ച്, എല്ലാം കൊണ്ടും കൂടുതൽ മെച്ചമായൊരു വർഷം- അതാണല്ലൊ പുതുവർഷം കൊണ്ട് എല്ലാവരും ആഗ്രഹിക്കുന്നതും. എല്ലാം പുതുതാക്കുന്ന ദൈവത്തിലാശ്രയിച്ച് പുത്തൻ പ്രതിജ്ഞകളോടെ പുതുചൈതന്യത്തോടെ പുതുവർഷത്തിൽ നമുക്ക് മുന്നേറാം.

**1. Leaders' Meet സംഘടിപ്പിച്ചു**

വിശ്വാസപരിശീലനം 11, 12, ACC ക്ലാസ്സുകളിലെ ലീഡേഴ്സിന് ഡിസംബർ 1 ന് ലീഡേഴ്സ് മീറ്റ് സംഘടിപ്പിച്ചു. 146 യൂണിറ്റുകളിൽ നിന്നായി 619 ലീഡേഴ്സ് പങ്കെടുത്തു. തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പരിപാടി ഉദ്ഘാടനം ചെയ്ത്

പ്രസംഗിച്ചു. ലീഡർഷിപ്പ് വളർത്താനുതകുന്ന തരത്തിലുള്ള വിവിധ ക്ലാസ്സുകളും കളികളും ഉണ്ടായിരുന്നു. വിശുദ്ധകുർബാനയും ഭക്ഷണവും ഒരുക്കിയിട്ടുണ്ടായിരുന്നു.

**2. സർവ്വീസ് അവാർഡ് & മെറിറ്റ് ഡേ**

തിയതി : 2025 ജനുവരി 26 ഞായർ

സ്ഥലം : ഡി ബി സി എൽ സി

അവാർഡിന് അർഹരായ വിശ്വാസപരിശീലകരുടെ പേരുവിവരങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. Service Award - Registration 11.30 am
2. Full Attendance of Teachers - Registration 11.30 am
3. Retired Teachers - Registration 11.30 am
4. Archdiocesan Level Aptitude Examination Rank Holders Registration 11.30 am
5. Teachers Excellence Award - Registration 11.30 am
6. Best Model Unit - Registration 1.30 pm
7. Model Units -Registration 1.30 pm

**3. പ്രിൻസിപ്പൽമാരുടെ യോഗം**

തിയതി : 2025 ഫെബ്രുവരി 2

ദിവസം : ഞായർ

സമയം : 11.30 am

സ്ഥലം : വിശ്വാസപരിശീലനകേന്ദ്രം

എല്ലാ പ്രിൻസിപ്പൽമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**4. വാർഷിക പരീക്ഷകൾ**

ഫെബ്രുവരി മാസത്തിലാണ് വാർഷികപരീക്ഷകൾ. അതിനായി കുട്ടികളെ ഒരുക്കുമല്ലോ. പരീക്ഷകളുടെ സമയക്രമം താഴെ കൊടുക്കുന്നു. പരീക്ഷാസംബന്ധമായി എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാവുകയാണെങ്കിൽ മുൻകൂട്ടി വാട്സാപ്പിലൂടെയും ബ്ലോഗിലൂടെയും അറിയിക്കുന്നതായിരിക്കും. എല്ലാവരും സഹകരിക്കുമല്ലോ.

2025 ഫെബ്രുവരി 9, 2PM-4PM: Stds. X, XI, XII

2025 ഫെബ്രുവരി 9, 2PM-5PM : ACC

2025 ഫെബ്രുവരി 16, 2PM-4PM: Stds. I, III, V, VII, IX

2025 ഫെബ്രുവരി 23, 2PM-4PM : Stds. II, IV, VI, VIII

**5. Std. XII & ACC ഹാജർ**

Std. XII & ACC ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഹാജർ സോഫ്റ്റ് വെയറിൽ കൃത്യമായി ചേർക്കുന്നതിനുള്ള അവസാന തിയതി – ജനുവരി 27. ജനുവരി 27 നുള്ളിൽ രേഖപ്പെടുത്തിയ 20 ഹാജരെങ്കിലും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമെ വാർഷികപരീക്ഷ എഴുതുവാൻ സാധിക്കു. കുട്ടികളുടെ ഹാജർ കൃത്യസമയത്തുതന്നെ ചെയ്യാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**6. Std. XII & ACC വാർഷിക പരീക്ഷക്കുള്ള യോഗ്യത (Eligibility)**

അർദ്ധവാർഷിക പരീക്ഷ എഴുതുകയും, 20 ഹാജരും ഉള്ള വിദ്യാർത്ഥികൾക്കുമാത്രമേ വാർഷിക പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉണ്ടായിരിക്കുകയുള്ളു. Std. XII വിദ്യാർത്ഥികൾക്കുള്ള രജിസ്റ്റർ നമ്പറും ACC വിദ്യാർത്ഥികൾക്കുള്ള ഹാൾ ടിക്കറ്റും മുകളിൽ പറഞ്ഞ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കു മാത്രമേ ലഭ്യമാക്കാവൂ. അവരെ മാത്രമേ പരീക്ഷ എഴുതിക്കാവൂ.

**7. Std. XII & ACC ക്ലാസ്സുകളിലെ വാർഷിക പരീക്ഷകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. പരീക്ഷകളെ സംബന്ധിച്ച് വിശ്വാസപരിശീലന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.
2. ബഹു. വൈദികരുടെ മേൽനോട്ടത്തിലും പ്രിൻസിപ്പലിന്റെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്.
3. പരീക്ഷയെ സംബന്ധിച്ച് വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകളും (Attendance മുതലായവ), Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ വിശ്വാസപരിശീലനമാർഗ്ഗരേഖയിലും വാർഷിക പ്രോഗ്രാമിലും നൽകിയിട്ടുള്ളത് കൃത്യമായി പാലിക്കേണ്ടതാണ്.
4. പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ച്ചകളോ അപാകതകളോ ഉണ്ടാകരുത്. ഇക്കാര്യം ബന്ധപ്പെട്ടവർ വളരെ ഗൗരവത്തിൽ തന്നെ എടുക്കേണ്ടതാണ്.
5. ചോദ്യങ്ങൾക്കുതാഴെ ഉത്തരമെഴുതി തിരിച്ചേൽപ്പിക്കാവുന്നവിധം പുസ്തകരൂപത്തിലുള്ള Question & Answer Book വിശ്വാസപരി

ശീലനകേന്ദ്രത്തിൽനിന്ന് നൽകുന്നതാണ്. ചോദ്യങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും നൽകിയിരിക്കും. വിദ്യാർത്ഥി ഏതെങ്കിലും ഒരു ഭാഷയിൽ മാത്രമേ ഉത്തരങ്ങളെഴുതുവാൻ പാടുള്ളൂ. ഈ രീതിയെക്കുറിച്ച് വിദ്യാർത്ഥികളെ ധരിപ്പിക്കുമല്ലോ.

6. പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. നിയമനവിവരം സ്വന്തം യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും പോകേണ്ട യൂണിറ്റിലെ പ്രിൻസിപ്പലിനേയും വികാരിയച്ചനേയും നേരത്തെതന്നെ അറിയിക്കേണ്ടതാണ്.
7. വിസിറ്ററെ കൂടാതെ, പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് ആവശ്യമായത്ര വിശ്വാസപരിശീലകരെ പ്രിൻസിപ്പൽ നിയോഗിക്കേണ്ടതാണ്.

**8. Service Award**

ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| 15 YEARS | | |
|---|---|---|
| Slno. | Name | Unit |
| 1 | REENA C D | AMMADAM |
| 2 | Mr. SHAIJU THOMAS | ANTHIKAD |
| 3 | Mrs. MINY KURIAN | ANTHIKAD |
| 4 | Sr. DHANYA | ANTHIKAD |
| 5 | Mrs. JISHA DEVASSY | ARAMPILLY |
| 6 | Mrs. MOLY JOPHY | ARANATTUKARA |
| 7 | Mr. ANTONY P M | ARIMPUR |
| 8 | Mrs. ANNIE PAUL | ARIMPUR |
| 9 | Mrs. JESSY SUNNY PONMANY | ARIMPUR |
| 10 | Mr. JACOB V K | ARTHAT |
| 11 | ELSY SHAJI | ATTUPURAM |
| 12 | Mr. SHINTO. P J | CHEMMANNUR |
| 13 | Mr. LINTO P J | CHENGALOOR |
| 14 | Mrs. MELBY JOY | CHENGALOOR |
| 15 | Mrs. SHIMGY PRINCE | CHETTUPUZHA |

| | | |
|---|---|---|
| 16 | Mrs. ELSY JOY | CHIRAKKAL |
| 17 | Mrs. PUSHPAM JOSE | CHIRAKKAL |
| 18 | JOICY ARISTO | CHITTATTUKARA |
| 19 | SHEEJA C K | CHITTATTUKARA |
| 20 | SHEEJA JOY | CHITTATTUKARA |
| 21 | Mr. John Pullokkaran | CHITTISSERY |
| 22 | LISSY MATHUNNY | CHIYYARAM |
| 23 | Mr. VIPIN JOSE | CHIYYARAM |
| 24 | Mrs. KAROLI JOSHWA | CHIYYARAM |
| 25 | Sr. SUMA CMC | CHOONDAL |
| 26 | Mr. JOY K D | ENAMAKKAL |
| 27 | Mr. XAVIER JOSEPH A | ENAMAKKAL |
| 28 | Mr. DITTO DOMINIC | ERANELLUR |
| 29 | Mr. FRENNY FRANCIS | ERUMAPETTY |
| 30 | Mr. SEBY FRANCIS | ERUMAPETTY |
| 31 | Mr. JENSON E C | EYYAL |
| 32 | Mrs. USHA ANTONY | GALILEE |
| 33 | Mr. TINKU GEORGE | KALLUR EAST |
| 34 | Mrs. RAJI ANTO | KALLUR EAST |
| 35 | Mr. JINTO C.P | KALLUR WEST |
| 36 | Mr. PLENEESH PAULSON | KALLUR WEST |
| 37 | Mrs. DEEPA JOHNSON | KALLUR WEST |
| 38 | SHEELA WILSON | KANNAMKULANGARA |
| 39 | Mrs. BINDHU JOSHY | KANNARA |
| 40 | Mrs. JISHA BENNY | KARAMUCK |
| 41 | Mrs. BEENA VARGHESE | KARAMUCK NORTH |
| 42 | Mrs. SHEELA VINCENT | KARAMUCK NORTH |
| 43 | Mrs. MINI VARGHESE | KAVEED |
| 44 | REENA DAVIS | KAVEED |
| 45 | CHINNAMMA SHAJAN | KIZHUPILLIKKARA |
| 46 | Mrs. ANITHA JOSHY | KODANNUR |
| 47 | Mrs. REJEENA THOMAS | KOLAZHY |

| | | |
|---|---|---|
| 48 | Mrs. RAJI JOY | KOOTTALA |
| 49 | Mr. RIJO GEORGE P | KUTTAMKULAM |
| 50 | Mrs. PRINCY RAPHAEL | MACHAD |
| 51 | ALISTER POLWIN | MADONA NAGAR |
| 52 | BINDHU SONY | MADONA NAGAR |
| 53 | Mr. GEO RAPHAEL | MANNUTHY |
| 54 | Mrs. DR. SUNY TONY | MARIAPURAM |
| 55 | JINCY FRANCIS | MAROTTICHAL |
| 56 | SILVY SIBI | MAROTTICHAL |
| 57 | Mrs. ALPHONSA V K | MATTOM |
| 58 | Sr. Treesa Jees | MATTOM |
| 59 | Mr. Sijo M J | MAYANNUR |
| 60 | Mr. WILSON N.D | MAYANNUR |
| 61 | Mrs. ROSY ALEXANDER | MAYANNUR |
| 62 | Sr. JULIYA | MAYANNUR |
| 63 | Mrs. SHEELA JOHNSON | MUNDUR |
| 64 | Mr. ANEESH V ANTONY | NADATHARA |
| 65 | Mrs. CICILY JOY | NADATHARA |
| 66 | Mrs. JESSY TITUS | NADATHARA |
| 67 | Mrs. SHINCY FRANCES | NANDIPULAM |
| 68 | Mrs. MARIYA JOY | NEDUPUZHA |
| 69 | Mrs. SOJA JOS | NEHRU NAGAR |
| 70 | GRACY THOMAS | NELLANKARA |
| 71 | NISHA SAJI | NELLANKARA |
| 72 | SANTHOSH VAZHAPPILLY | NELLANKARA |
| 73 | Mr. JOHN M T | NELLIKKUNNU |
| 74 | Mrs. DYMI POLY | NIRMALAPURAM |
| 75 | Mrs. JESSY PAUL | NIRMALAPURAM |
| 76 | Mr. JOE KIZHAKOODEN | OLARIKKARA |
| 77 | LEO FRANCIS | OLLUKKARA |
| 78 | PAUL M L | OLLUR MARYMATHA |

| | | |
|---|---|---|
| 79 | JANCY VARGHESE | ORUMANAYUR |
| 80 | SHEEBA JOSEPH | ORUMANAYUR |
| 81 | Mrs. REENA JINNY | PALAZHY |
| 82 | Mrs. SALY TOMY | PARAKKAD |
| 83 | Mr. JOSEMON K FRANCIS | PARAPPUR |
| 84 | Mrs. SHIJI JOBY | PARAVATTANI |
| 85 | MINI SHAJI | PAVARATTY |
| 86 | Mrs. LISSY SIMON | PAZHAYANGADI |
| 87 | Sr. ANSA MARIA | PAZHAYANNUR |
| 88 | JACOB P J | PEECHI |
| 89 | Mr. V.J.GEORGE | PEECHI |
| 90 | SHEEBA SUNNY | peechi |
| 91 | Mrs. MINI ROY | PERUVALLUR |
| 92 | Sr. MAGGI CSC | PONNORE |
| 93 | Mrs. BEENA SEBASTIAN | POOCHINNIPADAM |
| 94 | JANCY ANTO | POOTHARAKKAL |
| 95 | JEEVA TONY | POOTHARAKKAL |
| 96 | Mrs. ANU GEORGE P | PUDUKAD |
| 97 | Mrs. DAISY JACOB | PUNKUNNAM |
| 98 | ROSELIND JIMMY | PUNKUNNAM |
| 99 | SHINY FRANCIS | PURANATTUKARA |
| 100 | Mrs. MERCY SHAJU | PUTHENPEEDIKA |
| 101 | Mr. SUNNY KOTTALUKARAN | PUTHUR |
| 102 | Mrs. FANCY SEEJAN | PUTHUR |
| 103 | Mrs. JOLLY DAVIS | PUTHUR |
| 104 | Mrs. SHERLY WILSON | PUTHUR |
| 105 | Mrs. VALSA THOMAS | PUTHUR |
| 106 | MRS. ANCY JOHN | SARITHAPURAM |
| 107 | Mrs. MINI SABU | SARITHAPURAM |
| 108 | Mrs. SHEENA JOHN | SARITHAPURAM |
| 109 | Dr. VIMALA BAIJU | SEVANALAYAM |

| | | |
|---|---|---|
| 110 | Beena Thomas | THALAKKOTTUKARA |
| 111 | Mrs. Reetha Joseph | THALAKKOTTUKARA |
| 112 | Mrs. PRINCY JOHNY | THANDILAM |
| 113 | Sr. JOSNA C.S.C | THANGALUR NORTH |
| 114 | MINI VARGHESE | THIROOR |
| 115 | Mrs. SAIFY SHAJU | THORAVU |
| 116 | Mr. JOHNPAUL C.F | THRISSUR DOLOURS BASILICA |
| 117 | Mrs. SHEEBA BABU | THRISSUR LOURDES CATHEDRAL |
| 118 | JOBY FRANKLIN | VADOOKARA |
| 119 | Mr. ANTONY JOY | VADOOKARA |
| 120 | Mr. VARUN VARGHESE | VADOOKARA |
| 121 | Mr. JOJU JOHNY | VALAKKAVU |
| 122 | Mrs. BINDU BABU | VARANDARAPPILLY |
| 123 | Mr. VINCENT MATHEW | VARAVOOR |
| 124 | Mrs. Alphonsa Thomas | Velappaya |
| 125 | Mrs. SALAMMA RAJU | VELLAKKARITHADAM |
| 126 | Mrs. BINIMOL J KURIANAL | VELLANIKODE |
| 127 | Mrs. SILJI JOSE THURUTHEL | VELLANIKODE |
| 128 | Rev. Sr. SEBESTEENA SKD | VELLANIKODE |
| 129 | Rev. Sr. SINI GEORGE SKD | VELLANIKODE |
| 130 | Mrs. LISSY DAVIS | VELUR |
| 131 | Sr. MARIYATTA | VELUR |
| 132 | Mrs. DALLY JAIN | VENDORE |
| 133 | Mrs. SINI ALEX | VENDORE |
| 134 | Mr. LINSON VARGHESE | VIJAYAPURAM |
| 135 | Mr. DENNY PAUL | WADAKKANCHERY |
| 136 | Mrs. SHYJI WILSON | WADAKKANCHERY |

| **25 YEARS** | | |
|---|---|---|
| 1 | Mr. BABU V J | AMALA NAGAR |

| | | |
|---|---|---|
| 2 | Mr. THOMSON C KAKKASSERY | AMALA NAGAR |
| 3 | Mr. DAVIS KOKKEN | ARANATTUKARA |
| 4 | Mrs. RETTY BABU | ATTATHARA |
| 5 | Mr. Sajeev Jose | CHELAKKARA |
| 6 | Mr. Romeo T P | CHITTATTUKARA |
| 7 | Mrs. ALICE PAUL | CHITTATTUKARA |
| 8 | Mrs. LISSY JOHNSON | EDAKKALATHUR |
| 9 | Mr. BIJU JOSE K | ENAMAKKAL |
| 10 | Mrs. TRESSY ANTONY | ENAMAKKAL |
| 11 | Mrs. ROASAMMA JOSE | ERANELLUR |
| 12 | Mrs. MARY FLOWER POLY | ERAVU |
| 13 | Mrs. JOSY DAVIS | KANJANI |
| 14 | JOGY SHAJU | KIZHUPILLIKKARA |
| 15 | MOLLY JOSE | KIZHUPILLIKKARA |
| 16 | Mr. ALPHONS M K | KOONAMMOOCHY |
| 17 | Mr. FRANCIS K K | KOONAMMOOCHY |
| 18 | Mrs. ANNIE JOSE | KOOTTALA |
| 19 | Mr. MANU JOHN VARGHESE A | KOTTAPADY |
| 20 | Mrs. ALICE POLLY | MADONA NAGAR |
| 21 | Sr. REENA THERES CHF | MADONA NAGAR |
| 22 | Mr. BINU MON ANTONY | NADATHARA |
| 23 | Mr. WILSON PALLIPURAM | NADATHARA |
| 24 | JIJO JACOB | OLLUKKARA |
| 25 | Sr. DIYA GRACE CMC | OLLUR MARYMATHA |
| 26 | Mr. JOPHY C MANJALY | PALLIKKUNNU |
| 27 | Mr. SONY PAUL | PALLIKKUNNU |
| 28 | Mr. GINIL K LAWRANCE | PARAPPUR |
| 29 | Mrs. MERCY BABU | PARAVATTANI |
| 30 | Mrs. JOICY THOMAS | PAREMPADAM |
| 31 | JOSEPH LEO | PAVARATTY |
| 32 | Mr. JOLLY A V | PAVARATTY |

| | | |
|---|---|---|
| 33 | Mrs. TESSY JOSE | PERAKAM |
| 34 | Mr. BIJU PETER | PONNORE |
| 35 | Mr. JOJI THOMAS K. | PONNORE |
| 36 | Mr. SHINTO MATHEW | PONNUKKARA |
| 37 | Mrs. LISSY FRANCIS | PONNUKKARA |
| 38 | Mrs. LISSY THANKACHAN | PONNUKKARA |
| 39 | Mrs. Rosily Johny | POOTHOLE |
| 40 | Mr. JOSHY C M | PORATHUR |
| 41 | Mrs. ALICE JENSON | PUDUKAD |
| 42 | Mrs. ALPHONSA V V | PUDUKAD |
| 43 | Rev. Sr. VANDANA CMC | PUDUKAD |
| 44 | Mr. FRANCIS K.JOSEPH | PUDUSSERY |
| 45 | Mr. VARGHESE P I | PUDUSSERY |
| 46 | Mr.SHAIJU C G | SNEHAPURAM |
| 47 | Mr. ANOOP AKKARA | THAIKKATTUSSERY |
| 48 | Mrs. Philomina Jose | THALAKOTTUKARA |
| 49 | Mr. DAVIS KUTTIKATT | THALORE |
| 50 | Mr. JOHNSON P A | THALORE |
| 51 | JOSEPH AKKARA | THANGALUR |
| 52 | Mr. BABU PARAPPUKARAN | THANGALUR |
| 53 | Mrs. ANNIE XAVIER | THANGALUR |
| 54 | Mr. SIJO P C | THIROOR |
| 55 | Mrs. PRIYA DENNIS | THRIPRAYAR |
| 56 | Mrs. SHANTLY JOY | THRIPRAYAR |
| 57 | Mrs. JESSY JOSE | VARADIAM |
| 58 | Mrs. SHIENE C. GEORGE | VIYYUR |
| 59 | Mr. FRANCIS C O | WADAKKANCHERY |

| **35 YEARS** | | |
|---|---|---|
| 1 | Mr. JOSHY T.P | ARANATTUKARA |
| 2 | Mr. BENNY. C. A | ERANELLUR |

| | | |
|---|---|---|
| 3 | RAPPAI P A | KALLUR EAST |
| 4 | Mr. SHAJU MATHEW | KALLUR WEST |
| 5 | Mr. RAPHAEL C G | KAVEED |
| 6 | Mrs. VALSA P K | MACHAD |
| 7 | Mr. MANOJ C L | MANGAD |
| 8 | Mr. VARGHESE M G | MULLASSERY |
| 9 | Mr. VINCENT C D | MUNDUR |
| 10 | Mr. T L POULOSE | NANDIPULAM |
| 11 | Mrs. ALICE THOMAS | PAREMPADAM |
| 12 | Mr. JOSE A C | PERAMANGALAM |
| 13 | Mr. BENNY PONMANISSERY | SNEHAPURAM |
| 14 | Mrs. CICILY OUSEPH | THIROOR |

| **45 YEARS** | | |
|---|---|---|
| 1 | PAUL V J | EDAKKALATHUR |
| 2 | Mr. DAVIS C A | MANALUR EAST |
| 3 | Mr. JOHNSON V A | THRIPRAYAR |

**9. RETIRED TEACHERS LIST**

| Slno. | Name | Unit |
|---|---|---|
| 1 | SEBASTIAN K A | ARIMPUR |
| 2 | SEBASTIAN C I | ARIMPUR |
| 3 | OMANA JACOB | ARIMPUR |
| 4 | MR. JOSE THEKKEL | BHARATHA |
| 5 | MRS. LESSY JOSEPH | CHITTISSERY |
| 6 | MR. JOSEPH CHAKKERY | CHITTISSERY |
| 7 | MR. CLARA SEBASTIAN | KADANGODE |
| 8 | MR. P T VINCENT | KARAMUCK NORTH |
| 9 | MR. JOHN V O | KONIKKARA |
| 10 | MRS. SOSAMA ANTONY | KONIKKARA |
| 11 | MRS. MAGY VARGHESE | KOTTEKAD |

| | | |
|---|---|---|
| 12 | MR. WILSON C A | KOZHUKKULLY |
| 13 | MRS. MARIAMA JOSE | MACHAD |
| 14 | MR. WILSON KOOLA | MADONA NAGAR |
| 15 | MRS. BABY JOSE | MADONA NAGAR |
| 16 | MR. ANTONY KOOTHUR | MULLASSERY |
| 17 | MR. VINCENT C D | MUNDUR |
| 18 | MR. JOHNSON T C | NELLIKKUNNU |
| 19 | MR. THOMAS ALAPPAT | NIRMALAPURAM |
| 20 | MRS. MOLY JOSE | NIRMALAPURAM |
| 21 | MRS. LISSY ANTO | OLLUR |
| 22 | MRS. SANTHA JACOB | THALAKOTTUKARA |
| 23 | MRS. KOCHUTHRESIA JOSEPH | THANGALUR NORTH |
| 24 | MRS. SELINA GEORGE | VALAKKAVU |
| 25 | MR. JOSE MANJALY | WEST FOR |

**10. FULL ATTENDANCE TEACHERS LIST**

| Slno. | Name | Unit |
|---|---|---|
| | **10 YEARS** | |
| 1 | Miss. LILLY P A | KUNNAMKULAM |
| 2 | Mrs. JOBY BAIJU | PONNUKKARA |
| 3 | MR. RAPHY P J | VADOOKARA |
| 4 | MRS. BINDHU VARGHESE | THRISSUR LOURDES |
| 5 | MR. FRANCIS C O | WADAKKANCHERY |
| 6 | MRS. DAISY FRANCIS | WADAKKANCHERY |
| | **20 YEARS** | |
| 7 | MRS. MAGY ANTONY | KOTTEKAD |

**11. TEACHERS EXCELLENCE AWARD**

| Slno. | Name | Unit |
|---|---|---|
| 1 | MRS. MARY JOSHY | THRISSUR LOURDES |

**II. Daily Catechism**

സ്കൂൾ കാറ്റക്കിസം മോറൽ സയൻസ് വാർഷികപരീക്ഷ: ജനുവരി 3 വെള്ളി

Std. I, III, V, VII, IX, XI രാവിലെ 10 മുതൽ 12 വരെ

Std. II, IV, VI, VIII, X, XII ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ

ചോദ്യപേപ്പറുകൾ ജനുവരി 1, 2 തിയതികളിൽ DBCLC വിശ്വാസ പരിശീലന ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ജനുവരി 14 നുള്ളിൽ സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരായവരുടെ പേരു വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷകൾ:**

സ്കൂൾ കാറ്റക്കിസം: ജനുവരി 25 ശനിയാഴ്ച്ച Std. IV, VII, X

മോറൽ സയൻസ്: ഫെബ്രുവരി 8 ശനിയാഴ്ച്ച Std. IV, VII, X, XII

(രാവിലെ 10 മുതൽ 12 വരെ DBCLC യിൽ വെച്ച്)

പുതുവത്സരാശംകളോടെ സസ്നേഹം,

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**റവ. ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

## എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാ

ക്കിയിരിക്കുന്നത്.

**K - TET ( Kerala Teachers Eligibility Test )**

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

2025 ജനുവരി മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9895525077

| | |
|---|---|
| **ഫാ. ഫ്രാൻസീസ് ആളൂർ** | **മാണി കെ. പീറ്റർ** |
| ഡയറക്ടർ | അക്കാദമിക്ക് ഹെഡ് |

# INSTITUTE OF THEOLOGY

## TRICHUR D B C L C

**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

സെക്കന്റ്സെമസ്റ്ററിലെ Family Counseling (Rev. Dr. Alex Marottical), Theology of Inter-religious Dialogue (Rev. Dr. Vincent Kundukulam), Sacrament of Reconciliation (Rev. Dr. Denny Thanikal) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ഡിസംബർ 29 ന് ഇതരമതങ്ങളോടുള്ള കത്തോലിക്ക സഭയുടെ കാഴ്ചപ്പാട് (Rev. Dr. Vincent Kundukulam) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course ന്റെ Exam DBCLC യിലും മേരിമാതാ മേജർ സെമിനാരിയിലും നടന്നു.

**4. Basic Bible Course (BBC)**

ജനുവരി മാസം ക്ലാസ്സ് നയിച്ചത് – Sri. Joseph Tharakan

**5. Certificate Course on Guidance and Counselling**

Family Therapy (Rev. Dr. Joby Kadappuran)എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**6. Certificate Course in Sacred Liturgy**

ഡിസംബർ മാസത്തിൽ Eucharistic Devotions, Eucharistic Miracles and Abuses of the Eucharist (Rev. Dr. Sebastian Chalackal), എന്ന ക്ലാസ്സുനടന്നു.

**7. Basic Theology Course (Three Months)**

സന്യാസാർത്ഥിനികൾക്കുള്ള Three Months ബേസിക് തിയോളജി കോഴ്സ് 2025 ജനുവരി 1–ന് (ബുധൻ) ആരംഭിക്കുന്നു. അർത്ഥിനികളെ ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് സന്യാസാധികാരികൾ ശ്രദ്ധിക്കുമല്ലോ.

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

## മേരിമാതാ മേജർ സെമിനാരി

**1. മാസധ്യാനം**

നവംബർ മാസത്തിലെ മാസധ്യാനം 15,16 തിയതികളിലായി നടന്നു. ബഹുമാനപ്പെട്ട ആന്റു ആലപ്പാടനച്ചൻ ആയിരുന്നു ധ്യാനം

നയിച്ചത്. പൗരോഹിത്യ ജീവിതത്തിൽ നല്ല ബന്ധങ്ങൾ കെട്ടിപ്പടുക്കേണ്ടതിന്റെ പ്രാധാന്യം അച്ചൻ ധ്യാനത്തിലൂടെ ഊന്നിപ്പറഞ്ഞു.

**2. ജൂബിലി ആഘോഷം**

ബഹുമാനപ്പെട്ട സജി കണയങ്കൽ സി.എസ്.ടി. അച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ രജതജൂബിലി ആഘോഷം നവംബർ 18നു നടത്തപ്പെട്ടു. അന്നേദിവസം വൈകീട്ട് 6.30നു ആഘോഷമായ വിശുദ്ധ കുർബാനയിൽ ബഹുമാനപ്പെട്ട സജി അച്ചൻ മുഖ്യകാർമികത്വം വഹിക്കുകയും ബഹു. സെബാസ്റ്റ്യൻ ചാലക്കലച്ചനും ബഹു. സൈജോ തൈക്കാട്ടിൽ അച്ചനും സഹകാർമ്മികരാകുകയും ചെയ്തു. തുടർന്ന് നടന്ന അനുമോദനയോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, ഫാ. സൈജോ തൈക്കാട്ടിൽ എന്നിവർ ജൂബിലി ആശംസകൾ നേർന്ന് പ്രസംഗിച്ചു.

**3. വിശുദ്ധ സിസിലിയുടെ തിരുനാൾ**

ദൈവാലയഗായകരുടെ മധ്യസ്ഥയായ വിശുദ്ധ സിസിലിയുടെ തിരുനാൾ നവംബർ 22നു ആഘോഷിച്ചു. അന്നേദിവസം ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന സങ്കീർത്തനാലാപന മത്സരത്തിൽ വൈദികവിദ്യാർഥികൾ ബാച്ചടിസ്ഥാനത്തിൽ പങ്കെടുത്തു.

**4. പ്രിയ ഗുരുവിന് യാത്രാമൊഴി**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തിരുവല്ല അതിഭദ്രാസനത്തിലെ വൈദികനും സുറിയാനി ഭാഷാപണ്ഡിതനും മേരിമാത സെമിനാരിയിലെ വിസിറ്റിംഗ് സ്റ്റാഫുമായ രാജു പറക്കോട്ടിലച്ചൻ നവംബർ 22 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷ നവംബർ 26ന് നടത്തപ്പെട്ടു. സെമിനാരിയെ പ്രതിനിധീകരിച്ച് ബഹു. റെക്ടറച്ചനും മറ്റു വൈദികരും പരേതനുവേണ്ടി പ്രാർത്ഥനാശുശ്രൂഷ നടത്തി.

**5. സ്നേഹോത്സവം**

വൈദികവിദ്യാർത്ഥികളുടെ അജപാലനോന്മുഖ വളർച്ചക്ക് ഏറെ ഉപകരിക്കുന്ന ഇടവക നവീകരണ ശുശ്രൂഷയായ സ്നേഹോത്സവത്തിനായുള്ള ഏറ്റവും അടുത്ത ഒരുക്കം മേരിമാതാകുടുംബം നവംബർ 11-ാം തീയതി തുടങ്ങി. സെമിനാരിയിലെ വൈദികരും ബ്രദേഴ്സും രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ്, 2024 നവംബർ 30 മുതൽ ഡിസംബർ 6 വരെയുള്ള ദിനങ്ങളിൽ പേരാമംഗലം, വരാക്കര സൗത്ത് എന്നീ ഇടവകകളിൽ സ്നേഹോത്സവം വിജയകരമായി പൂർത്തിയാക്കി.

**6. ദിവ്യകാരുണ്യ പ്രദക്ഷിണം**

ഡിസംബർ 7നു ശനിയാഴ്ച സെമിനാരിയിൽ ദിവ്യകാരുണ്യ

പ്രദക്ഷിണം നടന്നു. ആത്മീയപിതാവായ ബഹുമാനപ്പെട്ട മാത്യു പെരുമ്പള്ളിയച്ചൻ ദിവ്യകാരുണ്യപ്രദക്ഷിണത്തിന് നേതൃത്വം നല്കി.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Patron Membership

1. ശ്രീമതി ലില്ലി ജോണി, W/o ജോണി, കിഴക്കൂടൻ ഹൗസ്, മുണ്ടൂർ.

Individual Benefactor Membership

1. ശ്രീ. സെബാസ്റ്റ്യൻ, പോന്നോർ ഹൗസ്, പാവറട്ടി.
2. ശ്രീ. സി. ഡി. ജോസ്, എക്സൽ എൻജിനീയേഴ്സ്, പൂന.
3. ശ്രീ. ടി. എ. ജോജോ, തലക്കോട്ടൂർ ഹൗസ്, ചേറൂർ.
4. ലൂർദ് നാഥാ പ്രൊവിൻഷ്യൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ.

Institutional Benefactor Membership

1. നിർമ്മൽ റാണി അഡോറേഷൻ പ്രൊവിൻഷ്യൽ ഹൗസ്, ചേറ്റുപുഴ.

Individual Well Wisher Membership

1. ശ്രീമതി ലീലാമ്മ തോമസ്, പറയാംപറമ്പിൽ ഹൗസ്, കുണ്ടുകാട്.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## സെന്റ് മേരീസ് മൈനർ സെമിനാരി

**1. ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**

2024 നവംബർ 2, 16, 23 എന്നീ തിയ്യതികളിൽ യഥാക്രമം 10, 9, 8 എന്നീ ക്ലാസ്സുകളിലെ ആൺകുട്ടികൾക്ക് വേണ്ടിയുള്ള സെമിനാറുകൾ തൃശ്ശൂർ മൈനർ സെമിനാരിയിൽ വച്ച് നടന്നു. റവ. ഫാ. ബിജോയ് പൊൻപറമ്പിൽ, ഫാ. നിധിൻ പൊന്നാരി, ഫാ. ജിയോ ആലപ്പാട്ട്, ഫാ. പ്രജോവ് വടക്കേത്തല എന്നിവർ സെമിനാറുകൾക്ക് നേതൃത്വം കൊടുത്തു.

**2. ആരാധന ദിനം**

നവംബർ 24-ാം തിയ്യതി ക്രിസ്തു രാജത്വത്തിരുന്നാൾ ദിനം സെമിനാരി കുടുംബം ആരാധനദിനമായി ആചരിച്ചു. ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ ആരാധനയുടെ അവസാനമണിക്കൂറിൽ സെമിനാരിക്കാരുടെ മാതാപിതാക്കളും പങ്കെടുത്തിരുന്നു.

**3. അഭിവന്ദ്യപിതാവിന്റെ നാമഹേതുക തിരുന്നാൾ**

നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച് നവംബർ 28 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. സെമിനാരി കുടുംബം അഭിവന്ദ്യ പിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

**4. മാസധ്യാനം**

നവംബർ 30, ഡിസംബർ 1 തിയതികളിൽ റവ. ഡോ. ജെയ്സൻ വടക്കേത്തല OFM Cap. മൈനർ സെമിനാരി വിദ്യാർത്ഥികൾക്ക് മാസധ്യാന ചിന്തകൾ നല്കി. ഡിഗ്രി വിദ്യാർത്ഥികൾക്ക് ഡിസംബർ 3, 4 തിയതികളിൽ റവ. ഫാ. ബിജോയ് പൊൻപറമ്പിലിന്റെ നേതൃത്വത്തിൽ മാസധ്യാനം നടത്തുകയുണ്ടായി.

**5. പരി. അമലോത്ഭവമാതാവിന്റെ തിരുനാൾ**

സെമിനാരി കുടുംബത്തിന്റെ മധ്യസ്ഥയായ പരി. അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം രാവിലെ ബഹു. റെക്ടറച്ചൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി. വൈകീട്ട് ഭക്തിനിർഭരമായ ജപമാല നടത്തി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു. അതിനുശേഷം പരിശുദ്ധ കുർബാനയുടെ ആശീർവ്വാദവും ഉണ്ടായിരുന്നു.

**6. അഭിവന്ദ്യ പിതാക്കന്മാരുടെ ജന്മദിനാഘോഷം ദിവ്യബലിയർപ്പണങ്ങൾ**

ഡിസംബർ 13-ന് ജന്മദിനം ആഘോഷിച്ച അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവിനും മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും വേണ്ടി സെമിനാരികുടുംബം പ്രത്യകമായി പ്രാർത്ഥിച്ചു. ഡിസം. 11-ാം തിയ്യതി മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു. സെമിനാരികുടുംബം അഭിവന്ദ്യപിതാക്കന്മാർക്ക് ആശംസകളർപ്പിക്കുകയും ചെയ്തു.

**7. പരീക്ഷകൾ അവധിക്കാലം**

സെക്കന്റ് ടേമിലെ പരീക്ഷകൾ ഡിസം. 9-20 വരെയുള്ള ദിവസങ്ങളിലായിരുന്നു. ഡിസംബർ 21 മുതൽ 2025 ജനുവരി 1 വരെയാണ് ക്രിസ്തുമസ് അവധി.

**9.ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. റാഫേൽ പി.എ., പള്ളിപ്പുറത്തുക്കാരൻ ഹൗസ്, കണിമംഗലം

2. ശ്രീ. അമൽ ഫ്രാൻസിസ്, പോട്ടോക്കാരൻ ഹൗസ്, പരിയാരം, ചാലക്കുടി

3. ശ്രീമതി സ്നേഹ ജോസ്, കൂള ഹൗസ്, നെല്ലിക്കുന്ന്

4. ശ്രീമതി സോമി റോയി & ശ്രീ. റോയ് വർഗ്ഗീസ്, മാപ്പിളക്കുന്നേൽ ഹൗസ്, ചിറക്കേക്കോട്

5. ശ്രീമതി ഫിലോമിന ഫ്രാൻസിസ് & ശ്രീ. ഫ്രാൻസിസ്, ഇമ്മട്ടി ഹൗസ്, കൊട്ടേക്കാട്

6. സെന്റ് സെബാസ്റ്റ്യൻ ഇടവക, മരോട്ടിച്ചാൽ

7. വിശുദ്ധ ജോൺ മരിയ വിയാനി കുടുംബകൂട്ടായ്മ, നോർത്ത് കാരമുക്ക്

8. ശ്രീ. ഏ.ജെ. പോൾ, ആഴ്ചങ്ങാടൻ ഹൗസ്, കുരിയച്ചിറ

9. ശ്രീ. ഷാജി പി.ഡി., പേരാമംഗലത്ത് ഹൗസ്, അമലനഗർ

10. ശ്രീ. സി.വി. സാജൻ IAS (റിട്ട.), ചുങ്കത്ത് പാറേക്കാട്ടിൽ ഹൗസ്, കാവീട്

11. ശ്രീ. എം.ഡി. പോൾ & ശ്രീമതി മർഗ്ഗിലി പോൾ, മാളിയേക്കൽ ഹൗസ്, അരിമ്പൂർ

12. ശ്രീമതി ത്രേസ്യ ആലപ്പാടൻ, ആലപ്പാടൻ ഹൗസ്, നെടുപുഴ

13. ശ്രീമതി മേരി ജോസ്, മേരി വില്ല, പുത്തൻപള്ളി ബസിലിക്ക, തൃശൂർ

14. ശ്രീമതി ആനി ജോസ്, മേരി വില്ല, പുത്തൻപള്ളി ബസിലിക്ക, തൃശൂർ

15. ശ്രീ. റാഫി ഇ.എ., ഏനോക്കാരൻ ഹൗസ്,തൈക്കാട്ടുശ്ശേരി

വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി വളരെ ഔദാര്യപൂർവ്വം പ്രാർത്ഥനകൊണ്ടും സാമ്പത്തികായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കാൻസർ ഗവേഷണത്തിന് പുതിയ വഴികൾ തുറന്ന് പ്രൊഫ. റിച്ചാർഡ് ഗ്രോസിന്റെ സന്ദർശനം**

ലോകപ്രശസ്ത കാൻസർ സെൽ ബയോളജി വിദഗ്ധനും ലണ്ടൻ ബാർട്ട്സ് സെന്റർ ക്വീൻ മേരി യൂണിവേഴ്സിറ്റി പ്രൊഫസറുമായ റിച്ചാർഡ് ഗ്രോസ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു. ജൂബിലിയിലെ കാൻസർ ഗവേഷണ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ് പ്രൊഫസർ ഗ്രോസ് അതിനെ അഭിനന്ദിക്കുകയും സംയുക്ത പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ ആശുപത്രി അധികൃതരുമായി ചർച്ച ചെയ്യുകയും ചെയ്തു.

**എമർജൻസി മെഡിസിന്റെ സംസ്ഥാന സമ്മേളനം – ഇ.എം. കേരള–2024**

അടിയന്തിര ചികിത്സാരംഗത്തെ ഡോക്ടർമാരെയും വിദ്യാർത്ഥികളേയും ഒരുമിപ്പിച്ച ഇഎം. സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം ഗഡഒട അക്കാദമിക് കോളേജിന്റെ പ്രിൻസിപ്പാൾ ഡോ. വി.വി. ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു. 'പുനർനിർമാണത്തിന്റെ വാതിൽപ്പടികൾ' എന്ന ആശയം മുന്നോട്ടുവെച്ചുകൊണ്ട് ഇ.എം. കേരള–2024 അടിയന്തര ചികിത്സാരംഗത്തെ ഭാവി കോൺഫറൻസുകൾക്ക് പുതിയ മാതൃകയായി.

**'ജൂബിലി ഫെസ്റ്റ് 2024'ആഘോഷിച്ചു**

ജൂബിലിയിൽ എഴുപത്തിമൂന്നാമത് സ്ഥാപകദിനം ആഘോഷിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. തോംസൺ ജോസ് ഐ.പി.എസ്. ഉദ്ഘാടനം നിർവ്വഹിച്ചു. സമ്മേളനത്തിൽ പ്രശസ്ത സിനിമാ സംവിധായകൻ കമൽ മുഖ്യ പ്രഭാഷണം നടത്തി. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ജൂബിലിയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരിയേയും മറ്റ് സന്യസ്തരേയും ആദരിച്ചു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ഫാ. റെന്നി മുണ്ടൻകുരിയനും ചേർന്ന് ജൂബിലിയിൽ 25 വർഷത്തെ സേവനം പൂർത്തിയാക്കിയ

സ്റ്റാഫുകളേയും കഴിഞ്ഞ വർഷം റിട്ടയർ ആയ സ്റ്റാഫുകളേയും ആദരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിലും നേഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോളും ചേർന്ന് മുഖ്യാതിഥി കളെ ആദരിച്ചു.

**നാമഹേതുക തിരുനാൾ ആഘോഷിച്ചു**

ജൂബിലി കുടുംബത്തിന്റെ കുടുംബനാഥനും ട്രസ്റ്റ് ചെയർമാനുമായ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുനാൾ ജൂബിലി കുടുംബദിനത്തോടനുബന്ധിച്ച് സമുചിതമായി ആഘോഷിച്ചു. തദവസരത്തിൽ തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. തോംസൺ ജോസ് ഐ.പി.എസ്., പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. കമൽ എന്നിവരും ജൂബിലി കുടുംബം മുഴുവനും സന്നിഹിതരായിരുന്നു. ജൂബിലി കുടുംബാംഗമായ ആൻഡ്രൂസ് കുറ്റിക്കാട്ടിലച്ചനും പിതാവിനോട് ചേർന്ന് നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**അഭിനന്ദനങ്ങൾ**

- അഹമ്മദാബാദിൽ വച്ച് നടന്ന ട്രാൻസ്കോൺ 2024 ൽ ലബോറട്ടറി മെഡിസിൻ വിഭാഗത്തിലെ ഹെഡ് ഓഫ് ലബോറട്ടറി സർവ്വീസസ് & ബ്ലഡ് സെന്റർ ഡോ. സുശീല ജേക്കബ് ഇന്ന ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കരസ്ഥമാക്കി.
- ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത്കുമാർ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്ട്രറ്റിക്സ് & ഗൈനക്കോളജി (KFOG)യുടെ ലെജന്റ് അവാർഡ് കരസ്ഥമാക്കി.
- ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി (2022-2024) പരീക്ഷയിൽ ഗോപിക ഗോപു, ഷിയാൻ എ. എസ്, അതുല്ല്യ കെ എന്നിവർ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.
- പത്തോളജി അസിസ്റ്റന്റ് പ്രൊഫസർ ഡോ. രോഹിണി സെബാസ്റ്റ്യൻ കാനഡയിൽ വച്ച് നടന്ന അസോസിയേഷൻ ഫോർ മോളികുലാർ പത്തോളജി ആനുവൽ സമിറ്റിൽ പോസ്റ്റർ പ്രസന്റേഷൻ നടത്തുകയും ഇന്റർ നാഷണൽ ട്രാവൽ അവാർഡ് കരസ്ഥമാക്കുകയും ചെയ്തു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്, തൃശ്ശൂർ
- മൊണാർക്ക് കുറീസ് ലിമിറ്റഡ്, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- പ്രൊഫ. ഡോ. മാണി കെ. പി, കമ്മത്ത് ലെയിൻ, തൃശ്ശൂർ

- ഡോ. തോപ്പിൽ ആന്റണി, സെന്റ് ജോസഫ്സ് ചർച്ച്, മണലൂർ വെസ്റ്റ്, തൃശ്ശൂർ
- സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി, സെന്റ് ജോസഫ്സ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ
- സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ദർശനസമൂഹം, വലപ്പാട്, തൃശ്ശൂർ
- സെന്റ് റാഫേൽ ചർച്ച്, കല്ലൂർ ഈസ്റ്റ്, തൃശ്ശൂർ
- വികാരി, അവർ ലേഡി ഓഫ് ലൂർദ്ദ്സ് മെട്രോപൊളിറ്റൻ കത്തീഡ്രൽ, ലൂർദ്ദ്പുരം, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അന്ന ജിജോ, കളിയാടൻ ഹൗസ്, തൃശ്ശൂർ
- അജ്വിൻ ജെന്നി, ചിറയത്ത് ഹൗസ്, കോനിക്കര, തൃശ്ശൂർ
- പോൾ ആലപ്പാടൻ, മരത്താക്കര, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**വയനാട് സ്നേഹഭവനം പദ്ധതി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ വയനാട് സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നൽകി. എൻ.എസ്.എസിന്റെ നേതൃത്വത്തിൽ കോളേജിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഹായത്തോടെ വയനാട്ടിൽ ഭവനമില്ലാതെ ദുരിതമനുഭവിക്കുന്നവർക്ക് ഭവനം നിർമിച്ചു നൽകുന്ന വയനാട് സ്നേഹഭവനം പദ്ധതിയുടെ ഭാഗമായി കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ നിതിക എ.ആർ എന്നിവരുടെ നേതൃത്വത്തിൽ 40,800 രൂപ കാലിക്കറ്റ് സർവ്വകലാശാലയിലേക്ക് കൈമാറി.

**യൂണിവേഴ്സിറ്റി ഒന്നാം സെമസ്റ്റർ എക്സാം നടത്തി**

മഹാജൂബിലി കലാലയത്തിൽ ബി.എഡ് ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഡിസംബർ 4 മുതൽ 10 വരെ സെമസ്റ്റർ എക്സാം നടത്തി.

**ഓഫ് സ്റ്റേജ് കലാപരിപാടികൾ സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023-2025 വിദ്യാർത്ഥികൾക്കായി ഡിസംബർ 9, 10 തിയ്യതികളിലായി ഓഫ് സ്റ്റേജ് കലാപരിപാടികൾ സംഘടിപ്പിച്ചു.

**സെക്കന്റ് സെമസ്റ്റർ ലെസ്സൺ പ്ലാൻ ഡിസ്ക്കഷൻ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി ലെസ്സൺ പ്ലാൻ ഡിസ്ക്കഷൻ ഡിസംബർ 16 തിയ്യതി മുതൽ 20-ാം തിയ്യതി വരെ നടത്തി.

**ക്രിസ്തുമസ് ആഘോഷം നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ക്രിസ്തുമസ് ആഘോഷം ഡിസംബർ 20-ാം തിയ്യതി നടത്തി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ പരിപാടി ഉദ്ഘാടനം ചെയ്തു. ക്രിസ്തുമസ് സന്ദേശം നൽകി.

**കരോൾ ഗാനമത്സരം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ ക്രിസ്തുമസ് ആഘോഷത്തിന്റെ ഭാഗമായി ഡിസംബർ 19-ാം തിയ്യതി കരോൾ ഗാനമത്സരം നടത്തുകയും സമ്മാനർഹരായവർക്ക് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ സമ്മാനം നൽകുകയും ചെയ്തു.

**ക്രിസ്തുമസ് അവധി**

ഡിസംബർ 21-ാം തിയ്യതി മുതൽ ക്രിസ്തുമസ് അവധിക്കായി കോളേജ് അടച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ..**

| | | |
|---|---|---|
| 3 വെള്ളി | - | വി. ചാവറ കുരിയാക്കോസ് ഏലിയാസ് ആദ്യവെള്ളി, വി. കുർബാന |
| 6 തിങ്കൾ | - | ദനഹാത്തിരുനാൾ |
| 12 ഞായർ | - | ദേശീയ യുവജനദിനം |
| 20 തിങ്കൾ | - | വി. സെബസ്ത്യാനോസ് |
| 26 ഞായർ | - | ഇന്ത്യൻ റിപ്പബ്ലിക് ദിനം |
| 30 വ്യാഴം | - | ലോകസമാധാനദിനം |

**2. സ്ഥലമാറ്റ അപേക്ഷകൾ**

പ്രിൻസിപ്പാൾമാരുടെയും പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ നിശ്ചിത ഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2025 ജനുവരി 31 (വെള്ളി). 31-5-2025 ൽ ഒരേ വിദ്യാലയത്തിൽ തന്നെ 5 വർഷം സേവനം പൂർത്തിയാക്കുന്ന പ്രധാനാധ്യാപകരും അതുപോലെ തന്നെ 5 വർഷം പൂർത്തിയാകുന്ന അനധ്യാപകരും സ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. 31-5-2025 ൽ 5 വർഷം പൂർത്തിയായ പ്രധാനാധ്യാപകരുടെയും അനധ്യാപകരുടെയും ലിസ്ററ് 17-1-2025 (വെള്ളി) ന് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. വിരമിക്കുന്നതിന് 2 വർഷം മാത്രമുള്ള പ്രധാനാധ്യാപകരും അനധ്യാപകരും സ്ഥലമാററത്തിന് അപേക്ഷ സമർപ്പിക്കണമെന്ന് നിർബന്ധമില്ലയെന്നും അറിയിക്കുന്നു.

**3. മെയിന്റനൻസ് ഗ്രാന്റ് ബിൽ**

വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് ബിൽ അനുവാദ ഓർഡർ സ്കൂളിന് ലഭിച്ചുകഴിഞ്ഞാൽ എത്രയും വേഗത്തിൽ അത് ഏജൻസി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**4. ലീസ്റ്റ് ലീവ് റിപ്പോർട്ട്**

2024 വർഷത്തിൽ ഏറ്റവും കുറവ് കാഷ്വൽ ലീവ് (3 വരെ) എടുത്തിട്ടുള്ള സ്റ്റാഫ് അംഗങ്ങളുടെ പേരുവിവരം 2025 ഫെബ്രുവരി 10 (തിങ്കൾ) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

**5. ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ തസ്തിക അപേക്ഷകൾ**

ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള അപേക്ഷകൾ നിശ്ചിതഫോമിൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2025 ജനുവരി 31 (വെള്ളി).

**6. റിട്ടയർമെന്റ് ലിസ്റ്റ്**

2024–2025 വർഷത്തിൽ സർവ്വീസിൽനിന്നും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങളുടെ പേര് വിവരം താഴെ കൊടുത്തിരിക്കുന്ന മാതൃകാഫോമിൽ കാണുംവിധം എഴുതി 2025 ജനുവരി 13 (തിങ്കൾ) നകം ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്. വിരമിക്കുന്നവർ ഇല്ലെങ്കിൽ Nil റിപ്പോർട്ട് നൽകുമല്ലോ.

**RETIREMENT LIST (2024-2025)**

(SPECIMEN PROFORMA)

NAME OF SCHOOL:

| Sl. NO | Name of Staff Member | Designation | Date of Birth | Date of Retirement | Name of the Parent school |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

I hereby declare that the above said facts are true to my knowledge and belief.

Date: Signature of the
Place: (Seal) Principal/Headmaster/ Headmistress.

*Note:* Parent School means: - School from where Nomination is received.

## 7. CENTRALISED EXAMINATION

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (30 & ABOVE) IN THE CENTRALISED EXAMINATION STD. IV – 2024-2025

| RANK | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| FIRST | St. Antony's U.P.S., Kodannur | 61 | 53 | 86.88 | 35.29 |
| SECOND | St. Thomas U.P.S., Koonammuchi | 107 | 91 | 85.04 | 66.16 |
| THIRD | St. Thomas L.P.S., Thiroor | 142 | 116 | 81.69 | 59.82 |

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (BELOW 30) IN THE CENTRALISED EXAMINATION STD. IV – 2024-2025

| RANK | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| FIRST | Pope John L.P.S., Kuriachira | 6 | 6 | 100 | 60 |
| | St. Mary's L.P.S., Puthumanassery | 2 | 2 | 100 | 50 |
| SECOND | Little Flower L.P.S., Ponnore | 21 | 20 | 95.23 | 40 |
| THIRD | St. Louis L.P.S., Venmenad | 12 | 11 | 91.67 | 68.42 |

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED (35 & ABOVE) IN THE CENTRALISED EXAMINATION STD. VII – 2024-2025

| RANK | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| FIRST | St. Antony's U.P.S., Kodannur | 58 | 44 | 75.86 | 53.85 |
| SECOND | St. Thomas C.H.S.S., Thrissur | 88 | 58 | 65.90 | 82.02 |
| THIRD | St. Antony's H.S.S., Pudukad | 48 | 26 | 54.16 | 42.31 |

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED BELOW 35 IN THE CENTRALISED EXAMINATION STD. VII – 2024-2025

| Sl.No | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| 1. | R.C.U.P.S., Thoyakkavu | 15 | 12 | 80 | 20.00 |

SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS ABOVE 35 IN THE CENTRALISED EXAMINATION STD. VII – 2024-2025

| Sl.No. | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| 1. | St. Antony's U.P.S., Kodannur | 58 | 44 | 75.86 | 53.85 |
| 2. | St. Thomas C.H.S.S., Thrissur | 88 | 58 | 65.90 | 82.02 |
| 3. | St. Antony's H.S.S., Pudukad | 48 | 26 | 54.16 | 42.31 |

| | | | | | |
|---|---|---|---|---|---|
| 4. | R.C.U.P.S., Kottapady | 50 | 27 | 54.00 | 34.43 |
| 5. | St. George's U.P.S., Mukkattukara | 108 | 57 | 52.77 | 41.13 |
| 6. | St. Xavier's U.P.S., Velur | 92 | 47 | 51.08 | 60.50 |
| 7. | St. Antony's H.S.S., Pazhuvil | 166 | 75 | 45.18 | 43.75 |
| 8. | Tharakan's H.S., Aranattukara | 36 | 16 | 44.44 | 62.16 |
| 9. | St. Thomas H.S.S., Thiroor | 239 | 103 | 43.09 | 42.86 |
| 10. | St. Xavier's H.S., Chevoor | 58 | 24 | 41.37 | 55.71 |
| 11. | St. F.X.R.C.U.P.S., Vatanappally | 104 | 42 | 40.38 | 43.40 |
| 12. | St. Thomas U.P.S., Koonammuchi | 133 | 48 | 36.09 | 43.81 |
| 13. | C.J.M.A.H.S.S., Varandarappilly | 165 | 59 | 35.75 | 47.36 |
| 14. | Matha H.S., Mannampetta | 108 | 37 | 34.26 | 51.40 |
| 15. | St. Antony' H.S.S., Ammadam | 164 | 56 | 34.14 | 54.25 |
| 16. | St. Joseph's U.P.S., Kundannur | 147 | 49 | 33.33 | 43.30 |
| 17. | St. Antony's H.S.S., Puthenpeedika | 42 | 14 | 33.33 | 20.00 |
| 18. | St. John's H.S.S., Parappur | 136 | 43 | 31.61 | 20.38 |
| 19. | St. Raphael's U.P.S., Kallur | 36 | 11 | 30.55 | 44.44 |
| 20. | St. Joseph's H.S., Enamakkal | 116 | 34 | 29.30 | 19.20 |

| | | | | | |
|---|---|---|---|---|---|
| 21. | St. Thomas H.S.S., Mayannur | 145 | 38 | 26.20 | 52.46 |
| 22. | St. Thomas H.S.S., Engandiyur | 224 | 53 | 23.66 | 27.80 |
| 23. | St. Sebastian's H.S., Chittattukara | 212 | 47 | 22.16 | 31.98 |
| 24. | St. Antony's U.P.S., Poovathur | 42 | 9 | 21.42 | 24.39 |
| 25. | St. Mary's H.S., Chengaloor | 101 | 20 | 19.80 | 31.13 |
| 26. | St. Thomas H.S.S. Thope, Thrissur | 38 | 5 | 13.15 | 31.43 |

SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS BELOW 35 IN THE CENTRALISED EXAMINATION
STD. VII – 2024-2025

| Sl.No. | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| 1. | R.C.U.P.S., Thoyakkavu | 15 | 12 | 80 | 20.00 |
| 2. | St. Ignatius U.P.S., Manalur | 16 | 8 | 50 | 47.61 |
| 3. | St. Mary's U.P.S., Vendore | 24 | 10 | 41.66 | 44.00 |

SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS ABOVE 30 IN THE CENTRALISED EXAMINATION
STD. IV – 2024-2025

| Sl.No. | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| 1. | St. Antony's U.P.S., Kodannur | 61 | 53 | 86.88 | 35.29 |

| | | | | | |
|---|---|---|---|---|---|
| 2. | St. Thomas U.P.S., Koonammuchi | 107 | 91 | 85.04 | 66.16 |
| 3. | St. Thomas L.P.S., Thiroor | 142 | 116 | 81.69 | 59.82 |
| 4. | St. Antony's L.P.S., Varandarappilly | 86 | 70 | 81.39 | 34.78 |
| 5. | St. Joseph's U.P.S., Kundannur | 127 | 94 | 74.02 | 33.93 |
| 6. | St. Joseph's L.P.S., Pavaratty | 67 | 49 | 73.13 | 52.94 |
| 7. | St. Antony's L.P.S., Attupuram | 97 | 70 | 72.16 | 59.09 |
| 8. | St. Francis L.P.S., Wadakkanchery | 125 | 89 | 71.20 | 35.96 |
| 9. | St. Antony's L.P.S., Pudukad | 41 | 29 | 70.73 | 76.47 |
| 10. | St. John's L.P.S., Parappur | 77 | 54 | 70.12 | 46.25 |
| 11. | C.A.L.P.S., Chevoor | 32 | 22 | 68.75 | 40.54 |
| 12. | Matha H.S., Mannampetta | 81 | 54 | 66.66 | 33.76 |
| 13. | Mission Home L.P.S., Mariapuram | 36 | 24 | 66.66 | 46.60 |
| 14. | St. Xavier's U.P.S., Velur | 92 | 53 | 57.60 | 48.80 |
| 15. | St. Thomas L.P.S., Palayoor | 42 | 24 | 57.14 | 20.51 |
| 16. | St. Joseph's H.S., Enamakkal | 63 | 33 | 52.38 | 45.23 |
| 17. | St. Sebastian's H.S., Chittattukara | 111 | 54 | 48.64 | 28.57 |
| 18. | St. Francis Xavier's R.C.U.P.S., Vatanappally | 107 | 50 | 46.73 | 44.79 |

| | | | | | |
|---|---|---|---|---|---|
| 19. | R.C.C.L.P.S., East Mangad | 40 | 12 | 30.00 | 42.85 |
| 20. | St. Antony's U.P.S., Poovathur | 38 | 9 | 23.68 | 32.43 |

SCHOOLS WHICH PRODUCED THE RESULTS FROM THE TOTAL NUMBER OF STUDENTS BELOW 30 IN THE CENTRALISED EXAMINATION STD. IV – 2024-2025.

| Sl.No. | NAME OF SCHOOL | STUD-ENTS APPEA-RED | PA-SSED | PERCENTAGE 2024-2025 | PERCENTAGE 2023-2024 |
|---|---|---|---|---|---|
| 1. | Pope John L.P.S., Kuriachira | 6 | 6 | 100 | 60.00 |
| 2. | St. Mary's L.P.S., Puthumanassery | 2 | 2 | 100 | 50.00 |
| 3. | L.F.L.P.S., Ponnore | 21 | 20 | 95.23 | 40.00 |
| 4. | St. Louis L.P.S., Venmenad | 12 | 11 | 91.67 | 68.42 |
| 5. | St. Mary's A.L.P.S., Pallissery | 23 | 21 | 91.30 | 75.00 |
| 6. | St. Francis L.P.S., Attathara | 11 | 10 | 90.90 | 68.75 |
| 7. | Tharakan's L.P.S., Aranattukara | 22 | 18 | 81.81 | 43.75 |
| 8. | St. Thomas L.P.S., Arthat | 10 | 8 | 80.00 | 53.33 |
| 9. | St. Francis L.P.S., Pudussery | 14 | 11 | 78.57 | 64.28 |
| 10. | St. Thomas C.G.S., Kanjany | 12 | 9 | 75.00 | 36.38 |
| 11. | A.L.P.S., Thiruvenkidom | 12 | 9 | 75.00 | 77.78 |
| 12. | St. Sebastian's R.C.L.P.S., Valapad | 25 | 17 | 68.00 | 66.67 |

| | | | | | |
|---|---|---|---|---|---|
| 13. | St. Joseph's L.P.S., Chiranellur | 3 | 2 | 66.66 | 66.66 |
| 14. | A.L.P.S., Palissery | 3 | 2 | 66.66 | - |
| 15. | St. Mary's L.P.S., Engandiyur | 3 | 2 | 66.66 | 50.00 |
| 16. | St. Mary's U.P.S., Vendore | 28 | 16 | 57.14 | 56.25 |
| 17. | St. Mary's L.P.S., Enamakkal | 7 | 4 | 57.14 | 50.00 |
| 18. | St. Ignatius U.P.S., Manalur | 24 | 13 | 54.16 | 50.00 |
| 19. | St. Jose A.L.P.S., Marathakara | 25 | 13 | 52.00 | 42.85 |
| 20. | R.C.U.P.S., Kottapady | 27 | 14 | 51.85 | 44.44 |
| 21. | Church School, Karamuck | 2 | 1 | 50.00 | - |
| 22. | R.C.U.P.S., Thoyakkavu | 16 | 7 | 43.75 | 27.27 |

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ജനുവരി മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ജനുവരി മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 1,2,3– 8,9,10– 22,23,24– 29,30,31. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ

ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംങ്ങിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംങ്ങിനായി വിളിക്കേണ്ട സമയം- രാവിലെ 9.30 മുതൽ 3.30 വരെ.

**നന്ദിയോടെ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ വിവാഹത്തിന്റെ 5,10,25,50,60 എന്നീ വർഷങ്ങൾ പൂർത്തിയാക്കിയവരുടെ സംഗമങ്ങൾ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ചും ബസിലിക്ക ദൈവാലയത്തിൽ വച്ചും ആഘോഷിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്തു പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ഈ ആഘോഷങ്ങൾക്ക് നേതൃത്വം വഹിച്ചു. വിവാഹത്തിന്റെ വിവിധ വർഷങ്ങളുടെ ആഘോഷങ്ങളിലേയ്ക്ക് ദമ്പതികളെ പറഞ്ഞുവിട്ട എല്ലാ വികാരിമാർക്കും പങ്കെടുത്ത എല്ലാ ദമ്പതികൾക്കും നന്ദി പറയുന്നു. വിവാഹത്തിന്റെ വിവിധ വർഷങ്ങളുടെ ആഘോഷങ്ങൾക്ക് ക്ലാസ്സുകൾ നയിച്ച ബഹു. വർഗ്ഗീസ് കൂത്തുർ അച്ചനും, ബഹു. വിൻസെന്റ് കുണ്ടുകുളം അച്ചനും, ബഹു. അഗസ്റ്റിൻ കല്ലേരി അച്ചനും ഒത്തിരി നന്ദി പറയുന്നു.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഡിസംബർ 1 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, ബഹു. പോൾ പൊട്ടക്കൽ അച്ചനും, ഫാ. ഡെന്നി താണിക്കൽ അച്ചനും, ഫാ. അനിഷ് കൂത്തൂരച്ചനും ഈ ദമ്പതി സംഗമത്തിന് നേതൃത്വം കൊടുത്തു.

**ബധിരരും മൂകരുമായ യുവതി-യുവാക്കൾക്കുള്ള പ്രീകാന & പോസ്റ്റ് കാന കോഴ്സ്**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും

മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള ഏകദിന പ്രീകാന കോഴ്സും ബധിരരും മൂകരുമായ വിവാഹിത രായ ദമ്പതികൾക്കുവേണ്ടിയുള്ള പോസ്റ്റ് കാന കോഴ്സും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഡിസംബർ 8-ാം തിയ്യതി ഞായറാഴ്ച്ച നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും ക്ലാസ്സ് നയിച്ച റവ. ഫാ. ബിജു ലോറൻസ് അച്ചനും, ജോസഫ് തേർമഠം അച്ചനും, പങ്കെടുത്ത എല്ലാവർക്കും ഒത്തിരി നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഉണർവ് - 2024**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ് - 2024 കണ്ണാറ, ഒല്ലൂർ മേരിമാത, പുറനാട്ടുക്കര എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 9605043327.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തിയ മത്സര വിജയികൾ**

<u>ലേഖനം</u>

ഒന്നാം സമ്മാനം - ബിജി എം.ഡി, സെന്റ് ആൻസ് ഇടവക, ബസിലിക്ക ഫൊറോന.

രണ്ടാം സമ്മാനം - ആനന്ദ് ആന്റോ, ചേറ്റുപുഴ ഇടവക, ബസിലിക്ക ഫൊറോന.

മൂന്നാം സമ്മാനം - ജോൺ തേറാട്ടിൽ, വിയ്യൂർ ഇടവക, കൊട്ടേക്കാട് ഫൊറോന.

പ്രോത്സാഹന സമ്മാനങ്ങൾ

1. ബെറ്റി സി.ജെ, മരത്താക്കര ഇടവക, ഒല്ലൂർ ഫൊറോന.

2. ഡാലിയ കെ. പി., വെള്ളറക്കാട് ഇടവക, എരുമപ്പെട്ടി ഫൊറോന.

<u>ചെറുകഥ</u>

ഒന്നാം സമ്മാനം – ജെയിംസ് സി.ഡി, തലോർ ഇടവക, ഒല്ലൂർ ഫൊറോന.

രണ്ടാം സമ്മാനം – ഗ്രെയ്സി എൻ.ഒ., പറപ്പൂർ ഇടവക, പറപ്പൂർ ഫൊറോന.

മൂന്നാം സമ്മാനം – ദീപ്തി ലിജോ, പീച്ചി ഇടവക, പട്ടിക്കാട് ഫൊറോന.

മൂന്നാം സമ്മാനം – മിൻഞ്ചു ഇ. ആർ, ആമ്പക്കാട് ഇടവക, പറപ്പൂർ ഫൊറോന.

പ്രോത്സാഹന സമ്മാനങ്ങൾ

1. ജോജോ ടി. കുര്യൻ, പുറനാട്ടുക്കര ഇടവക, പറപ്പൂർ ഫൊറോന.

2. ബിജി എം. ഡി., സെന്റ് ആൻസ് ഇടവക, ബസിലിക്ക ഫൊറോന.

3. ബെറ്റി സി. ജെ, മരത്താക്കര ഇടവക, ഒല്ലൂർ ഫൊറോന.

<u>കവിത</u>

ഒന്നാം സമ്മാനം – ജോസ് പി.സി, പാലക്കൽ ഇടവക, ഒല്ലൂർ ഫൊറോന.

രണ്ടാം സമ്മാനം – മിൻഞ്ചു ഇ. ആർ, ആമ്പക്കാട് ഇടവക, പറപ്പൂർ ഫൊറോന.

മൂന്നാം സമ്മാനം – ബിജി എം. ഡി., സെന്റ് ആൻസ് ഇടവക, ബസിലിക്ക ഫൊറോന.

പ്രോത്സാഹന സമ്മാനങ്ങൾ

1. ജോയ് താണിക്കൽ, പടവരാട് ഇടവക, ഒല്ലൂർ ഫൊറോന.

2. ജോജോ ടി. കുര്യൻ, പുറനാട്ടുക്കര ഇടവക, പറപ്പൂർ ഫൊറോന.

<u>സ്കിറ്റ്</u>

ഒന്നാം സമ്മാനം – ലൂർദ്ദ് കത്തീഡ്രൽ ഇടവക, ലൂർദ്ദ് ഫൊറോന.

രണ്ടാം സമ്മാനം – വേലൂർ ഇടവക, വേലൂർ ഫൊറോന.

മൂന്നാം സമ്മാനം – മരത്താക്കര ഇടവക, ഒല്ലൂർ ഫൊറോന.

പ്രോത്സാഹന സമ്മാനങ്ങൾ

1. കാവീട് ഇടവക, പാലയൂർ ഫൊറോന.
2. മണലൂർ ഈസ്റ്റ് ഇടവക, കണ്ടശ്ശാംകടവ് ഫൊറോന.
3. കല്ലൂർ ഈസ്റ്റ് ഇടവക, പുതുക്കാട് ഫൊറോന.

**കുട്ടികൂട്ടായ്മ ലീഡേഴ്സ് മീറ്റ്**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ കുട്ടികൂട്ടായ്മ ലീഡേഴ്സ് മീറ്റ് നവംബർ 30-ാം തിയ്യതി ശനിയാഴ്ച്ച കാലത്ത് 10 മണി മുതൽ 3 മണി വരെ നടന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കുട്ടികൂട്ടായ്മ ലീഡേഴ്സ് മീറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് നടന്ന ട്രെയിനിങ്ങ് പ്രോഗ്രാമിന് ബഹുമാനപ്പെട്ട വൈദികരായ ഫാ. അനിഷ് കൂത്തൂർ, ഫാ. പോൾ മാളിയമ്മാവ്, ഫാ. സാജൻ മാറോക്കി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

## മാതൃവേദി

**നന്ദിയോടെ**

2022 – 2024 വർഷങ്ങളിൽ അതിരൂപത മാതൃവേദിയുടെ ഭാരവാഹികളായിരുന്ന പ്രസിഡണ്ട് എൽസി വിൻസെന്റ്, സെക്രട്ടറി ജീന ജോസഫ്, ട്രഷറർ ശോഭ ജോൺസൻ, വൈസ് പ്രസിഡണ്ട് ഷൈനി ജെയ്ക്കബ്, ജോ. സെക്രട്ടറി ലിസി പോൾ, കമ്മിറ്റി മെമ്പർമാർ ലീന ജോർജ്ജ്, ഗ്രെറ്റ ബേബി, ജെയ്മോൾ സെബാസ്റ്റ്യൻ, സെനറ്റ് മെമ്പർമാർ ബീന ജോഷി, മേരി രാജു എന്നിവർക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും നന്ദിയും അർപ്പിക്കുന്നു.

**അതിരൂപത മാതൃവേദിക്ക് പുതിയ നേതൃത്വം**

2025 – 2027 വർഷങ്ങളിലേക്കുള്ള അതിരൂപത മാതൃവേദി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2024 ഡിസംബർ 3-ാം തിയ്യതി ചൊവ്വാഴ്ച്ച 2.30 ന് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെട്ടു.

പ്രസിഡന്റ് – ഉജ്ജ്വല ബിജു, സേവനാലയം ഇടവക

വൈസ് പ്രസിഡന്റ് – റീത്ത ജോർജ്ജ്, മരത്താക്കര ഇടവക

സെക്രട്ടറി – റീന വർഗ്ഗീസ്, എരുമപ്പെട്ടി ഇടവക

ജോ. സെക്രട്ടറി – ഷീല ജോസ്, കുട്ടംകുളം ഇടവക

ട്രഷറർ – ബീന കുര്യാക്കോസ്, പഴയന്നൂർ ഇടവക

കമ്മിറ്റി മെമ്പർ 1. ഗ്രെറ്റ ബേബി, വരാക്കര സൗത്ത് ഇടവക

കമ്മിറ്റി മെമ്പർ 2. ശോഭ ജോൺസൻ, മാടക്കത്തറ ഇടവക

കമ്മിറ്റി മെമ്പർ 3. ഡോളി കുര്യാക്കോസ്, വെട്ടുക്കാട് ഇടവക

എല്ലാ വിജയാശംസകളും നേരുന്നു.

**ബൈബിൾ പകർത്തി എഴുതിയവരുടെ സംഗമം**

തൃശ്ശൂർ അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ പുതിയ നിയമം പകർത്തിയെഴുതിയ മാതൃവേദി അമ്മമാരുടെ സംഗമം തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ വച്ച് 2025 ജനുവരി 23-ാം തിയ്യതി വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 വരെ ഉണ്ടായിരിക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാരുടെ മുഖ്യ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയും ബൈബിൾ സമർപ്പണവും പിതാക്കന്മാരൊത്തുള്ള ഫോട്ടോ എടുക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. ബൈബിൾ പകർത്തി എഴുതിയ ശുശ്രൂഷയിൽ പങ്കെടുത്ത എല്ലാ മാതൃവേദി അമ്മമാരെയും ഈ സംഗമത്തിലേക്ക് ക്ഷണിക്കുകയും വരുമ്പോൾ പകർത്തിയെഴുതിയ ബൈബിളുമായി വരേണ്ടതുമാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും ജനുവരി 6 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജനുവരി മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ജനുവരി 12-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 9605043327.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

## ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാ ഹ്നം' ജനുവരി 11-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബ ങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF HOLY FAMILY EVE 2024

ലോഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 29-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സംഘടിപ്പിച്ച ലോഫ് ഹോളി ഫാമിലി ഈവ് 2024 വളരെ മനോഹരമായി നടന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിദ്ധ്യവും കുടുംബങ്ങളുടെ പങ്കാളിത്തവും കൊണ്ട് ഏറെ അനുഗ്രഹപ്രദമായിരുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# സി.സി.ഡബ്ലിയു.ഐ

**ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും ഗംഭീരമായി**

സി.സി.ഡബ്ലിയു.ഐ അംഗങ്ങളുടെ നേതൃത്വത്തിൽ സെന്റ് ആൻസ് ഓർഫനേജിൽ വച്ച് ക്രിസ്തുമസ് ആഘോഷവും അംഗങ്ങളുടെ സംഗമവും നടത്തപ്പെട്ടു. സി.സി.ഡബ്ലിയു.ഐ അംഗങ്ങളെല്ലാവരും ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുക്കുകയും സി.സി. ഡബ്ലിയു.ഐ അംഗങ്ങളുടെ കലാപരിപാടികളും ഓർഫനേജ് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി സിങ്കമ്മ കള്ളിയത്ത്**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**വിവിധ പരീക്ഷകൾക്കായുള്ള കേരള പിഎസ്സി ഔദ്യോഗിക വിജ്ഞാപനം**

ജൂനിയർ സയന്റിഫിക് ഓഫീസർ - ആരോഗ്യ സേവന വകുപ്പ്

ഡ്രാഫ്റ്റ്സ്മാൻ ഗ്ര. I/സബ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി

ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) - ഭാഗം-1 (പൊതു വിഭാഗം)

– കെസിഎംഎംഎഫ് ലിമിറ്റഡ് (കെസിഎംഎംഎഫ് ലിമിറ്റഡ്)

ടെക്നിക്കൽ സൂപ്രണ്ട് (ഡയറി) ഭാഗം–II (സൊസൈറ്റി വിഭാഗം) – (KCMMF ലിമിറ്റഡ്)

ലബോറട്ടറി ടെക്നീഷ്യൻ Gr.II - മെഡിക്കൽ വിദ്യാഭ്യാസ സേവനം

പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ/ വനിതാ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ – കേരള പോലീസ്

മാർക്കറ്റിംഗ് മാനേജർ ഭാഗം–I (GRL.CATEGORY) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (COIRFED)

ഫയർമാൻ ഭാഗം–I (പൊതുവിഭാഗം) കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കെരാഫെഡ്)

ഫയർമാൻ ഭാഗം–II (സൊസൈറ്റി വിഭാഗം) കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (KERAFED)

അസിസ്റ്റന്റ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

അസിസ്റ്റന്റ് മാനേജർ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

സ്റ്റെനോഗ്രാഫർ / കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് – വിവിധ ഗവ. ഉടമസ്ഥതയിലുള്ള കമ്പ./ബോർഡ്/കോർപ്പറേഷൻ/ സൊസൈറ്റീസ്/ലോക്കൽ അതോറിറ്റികൾ

ലബോറട്ടറി ടെക്നീഷ്യൻ Gr-II - ഹോമിയോപ്പതി

ലൈൻമാൻ – പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിംഗ്)

വെൽഫെയർ ഓഫീസർ ഗ്രേഡ്–II (എസ്ടിക്ക് മാത്രമുള്ള പ്രത്യേക റിക്രൂട്ട്മെന്റ്) – ജയിലുകളും തിരുത്തൽ സേവനങ്ങളും

ക്ലർക്ക് (എസ്ആർ എസ്ടിക്ക് മാത്രം)

ട്രാൻസ്ഫ്യൂഷൻ മെഡിസിനിൽ അസിസ്റ്റന്റ് പ്രൊഫസർ (ബ്ലഡ് ബാങ്ക്) (III NCA-SCCC) മെഡിക്കൽ വിദ്യാഭ്യാസം

ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) അറബിക് (XIII NCA-SC & ST) കേരള ഹയർ സെക്കൻഡറി വിദ്യാഭ്യാസം

താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ മാർഗ്ഗനിർദ്ദേശങ്ങൾ വായിച്ച് 01-01-2025 ന് മുമ്പ് ഓൺലൈനായി അപേക്ഷിക്കണം.

**വ്യോമസേനയിൽ ഓഫിസറാകാം; ‘AFCAT’ന് ഇപ്പോൾ അപേക്ഷിക്കാം**

വ്യോമസേനയിൽ കമ്മിഷൻഡ് ഓഫിസർ തസ്തികയിലുള്ള (ഷോർട് സർവീസ് കമ്മിഷൻ) 336 ഒഴിവുകളിലേയ്ക്ക് (പുരുഷന്മാർ 263, വനിതകൾ 73) നടത്തുന്ന AFCAT ന് ഇപ്പോൾ അപേക്ഷ

സമർപ്പിക്കാം. ഫ്ലയിങ്, ഗ്രൗണ്ട് ഡ്യൂട്ടി- ടെക്നിക്കൽ, ഗ്രൗണ്ട് ഡ്യൂട്ടി നോൺ-ടെക്നിക്കൽ എന്നീ ബ്രാഞ്ചുകളിലേയ്ക്കാണ്, അവസരം. ബിടെക് / ബിരുദധാരികൾ എന്നിവർക്കാണ് അവസരം. അഡ്മിനിസ്ട്രേഷൻ, ലോജിസ്റ്റിക്സ്, അക്കൗണ്ട്സ്, എജ്യൂക്കേഷൻ, എന്നിവയൊഴികെ ബാക്കിയെല്ലാ വിഭാഗങ്ങളിലേയ്ക്കും, പ്ലസ്ടുവിൽ മാത്സ്, ഫിസിക്സ് പഠിച്ചിരിക്കണം. ഫെബ്രുവരി 22, 23 തീയതി കളിൽ പരീക്ഷ നടക്കും.

വിദ്യാഭ്യാസ യോഗ്യത: +2 തലത്തിൽ ഗണിതശാസ്ത്രത്തിലും ഭൗതികശാസ്ത്രത്തിലും കുറഞ്ഞത് 50% മാർക്കുകൾ നേടണം

കൂടാതെ, മൂന്ന് വർഷത്തെ ബിരുദ കോഴ്സിൽ (യാതൊരു വിഷയത്തിലും), ഒരു അംഗീകൃത സർവകലാശാലയിൽ നിന്നു കുറഞ്ഞത് 60% മാർക്കുകൾ (അല്ലെങ്കിൽ തുല്യമായ മാർക്ക്) നേടിയിരിക്കണം അല്ലെങ്കിൽ നാലുവർഷത്തെ BE/ബിടെക് ഡിഗ്രി ഒരു അംഗീകൃത സർവകലാശാലയിൽ നിന്നു കുറഞ്ഞത് 60% മാർ ക്കുകൾ (അല്ലെങ്കിൽ തുല്യമായ മാർക്ക്) അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് (ഇന്ത്യ) അല്ലെങ്കിൽ എറോണോട്ടിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സെക്ഷൻ A & B പരീക്ഷ പാസ്സായ വരും, അംഗീകൃത സർവകലാശാലയിൽ നിന്ന് കുറഞ്ഞത് 60% മാർക്കുകൾ നേടിയിരിക്കണം

അനുശാസിത യോഗ്യത: ഒരു valid എൻസിസി ''എയർ'' വിംഗ് 'C'സർട്ടിഫിക്കറ്റ് ഉള്ളതായിരിക്കണം.

ഡിസംബർ 31 വരെ ഓൺലൈൻ അപേക്ഷ സമർപ്പിക്കാം

**മംഗല്യ പദ്ധതി 2024-2025**

വനിത ശിശു വികസന വകുപ്പ്, മംഗല്യ പദ്ധതി - വിധവ പുനർ വിവാഹധ നസഹായം 2024- 25 വർഷത്തേക്ക് ഓൺലൈൻ വെബ്സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നു. സാധുക്കളായ വിധവകൾ നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർവിവാഹത്തിന് 25000 രൂപ ധനസഹായം നൽകുന്ന പദ്ധതി യാണ് മംഗല്യ. വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ മംഗല്യ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

നിബന്ധനകൾ

അപേക്ഷക ബിപിഎൽ/ മുൻഗണന വിഭാഗത്തിൽ പെട്ടതായി രിക്കണം

ഭർത്താവിന്റെ മരണം മൂലം വിധവയാവുകയും, നിയമപ്രകാരം വിവാഹബന്ധം വേർപ്പെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാന

മായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.

പുനർവിവാഹം നടന്ന് ആറുമാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.

പുനർവിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുൻപാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

18 നും 50 നും മധ്യേ പ്രായമുള്ള വിധവകളുടെ പുനർവിവാഹത്തിനാണ് ധനസഹായം അനുവദിക്കുന്നത്.

ധനസഹായ തുക : 25,000/

കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**
ഫാമിലി അപ്പോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# സാന്ത്വനം

## സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണബാങ്ക്)

നവംബർ മാസത്തിൽ കട്ടിൽ, എയർബെഡ്, ബെഡ്, ഓക്സിജൻ കോൺസൻട്രേറ്റർ, വാട്ടർ ബെഡ്, വീൽചെയർ, വാക്കർ, നെബുലൈസർ, ബെഡ് പാൻ, ക്രച്ചസ് എന്നീ സർജിക്കൽ ഉപകരണങ്ങൾ വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകി.

## ഭവന നിർമാണ പ്രവർത്തനങ്ങൾ

കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന സാന്ത്വന ഭവന പദ്ധതി പുരോഗമിക്കുന്നു. ചിയ്യാരം വിജയ

മാതാ ഇടവകയിലെ ഭവനവും പോന്നോർ ഇടവകയിലെ ഭവനവും ആശീർവദിച്ച് താമസത്തിനായി നൽകി. ചിയ്യാരം വിജയമാതാ ഇടവകയിലെ ആശീർവാദകർമ്മം ഇടവക വികാരി ഫാ.സിജോ അരിക്കാട്ട് നിർവഹിച്ചു. ഭവനനിർമാണത്തിന് സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ നേതൃത്വം നൽകി. ആശീർവാദചടങ്ങിൽ സാന്ത്വനം അസ്സോ.ഡയറക്ടർ ഡോ.ഫാ.ജോസ് വട്ടക്കുഴി, അസി.ഡ യറക്ടർ ഫാ. ഡിക്സൺ കൊളമ്പ്രത്ത് എന്നിവർ സന്നിഹിതരാ യിരുന്നു. പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയ OSF, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**ട്രെഡ്മിൽ വിതരണം ചെയ്തു**

അതിരൂപതാ സാന്ത്വനത്തിൽ 50% സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ഹെൽത്ത് ഈസ് വെൽത്ത് എന്ന സംരംഭ ത്തിന്റെ ഭാഗമായി ട്രെഡ്മിൽ വിതരണം ചെയ്തു.

**സ്വയം സഹായ സംഘം രൂപീകരണം**

ചിറ്റിശ്ശേരിയിൽ സ്വയം സഹായ സംഘം രൂപീകരിച്ചു. ചിറ്റി ശ്ശേരി സെന്റ് മേരീസ് ചർച്ചിന്റെ കീഴിൽ സ്വയം സഹായ സംഘം രൂപീകരണത്തിനായി കാട്ടുകുഴി സെന്റ് മേരീസ് കപ്പേളയിൽ വെച്ച് പ്രാരംഭ മീറ്റിംഗ് വികാരി ഫാ.വർഗ്ഗീസ് കാഞ്ഞിരത്തിങ്കലിന്റെ നേതൃ ത്വത്തിൽ ആരംഭിച്ചു. യൂണിറ്റ് പ്രസിഡന്റ്,ട്രഷറർ 25 ഓളം വനിത അംഗങ്ങളും പങ്കെടുത്തു. സാന്ത്വനം അസോ.ഡയറക്ടർ ഡോ. ഫാ.ജോസ് വട്ടക്കുഴി സംഘം രൂപീകരണത്തിന് വേണ്ട നിർദേശ ങ്ങൾ,പ്രവർത്തനരീതികൾ എന്നിവയെക്കുറിച്ച് വിവരിച്ചു. പ്രോജക്ട് കോർഡിനേറ്റർ സി.ജിസ്മരിയയും പങ്കെടുത്തു. സ്വയം സഹായ സംഘം രൂപീകരണത്തിന്റെ ഭാഗമായി തെക്കേ തൊറവ്, സെന്റ് ആന്റണീസ് ദേവാലയത്തിൽ ക്ലാസ് നടത്തി. വികാരി ഫാ.ക്രി സ്റ്റോൺ പെരുമാട്ടിൽ, സാന്ത്വനം അസോ.ഡയറക്ടർ ഡോ.ഫാ. ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ശ്രീമതി. ബീന വർഗ്ഗീസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.60 ഓളം അമ്മമാർ പങ്കെടുത്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസാസിയേറ്റ് ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

**ഫാ.ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**അതിരൂപതാതല സമ്മാനദാനം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അതിരൂപതാതലത്തിൽ നടത്തിയ കലാ-സാഹിത്യ മത്സരങ്ങൾക്കും, സെയിന്റ്സ് ക്വിസ്സിലും, റെമാ ചലഞ്ചിലും, ഓൺലൈൻ പ്രസംഗമത്സരത്തിലും, ക്രിസ്തുമസ് കാർഡ്-ക്രിബ് മത്സരങ്ങളിലും വിജയികൾക്കുള്ള സമ്മാനങ്ങൾ ജനുവരി 19 ഞായറാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ 5.00 വരെ തൃശ്ശൂർ ഡി.ബി.സി.എൽ.സി. യിൽ വെച്ച് നല്കപ്പെടുന്നു. അന്നേ ദിവസം തന്നെ കലാമത്സരങ്ങളിൽ ഓവറോൾ നേടിയവർക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, മിഷൻ കളക്ഷൻ - പ്രയർ ഫ്രണ്ട് കളക്ഷൻ - ജീസസ്സ് ബെർത്തഡേ പാർട്ടി സംഭാവന കൂപ്പൺ എന്നിവയിൽ ഏറ്റവും കൂടുതൽ ശേഖരിച്ച യൂണിറ്റുകൾക്കുള്ള സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. സമ്മാനാർഹരായവർ അന്നേദിവസം കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

<u>തിരുവചനം:</u> ''പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.'' (യോഹന്നാൻ 17: 21)

<u>സൂകൃതജപം:</u> നിത്യം ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായെ, എന്റെ മേൽ കരുണയായിരിക്കണമേ!

<u>പ്രാർത്ഥനാ നിയോഗം:</u> വിവിധ സഭകൾ തമ്മിലുള്ള പരസ്പര ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കാം.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> വാളുകൊണ്ട് രക്തസാക്ഷിത്വം നേടിയ ഒരു കുലീന റോമൻ വനിത വി. പ്രിസ്കയാണ് നാം ഈ മാസം പരിചയപ്പെടുവാൻ പോകുന്ന വിശുദ്ധ. ക്രിസ്തുവിനുവേണ്ടി മരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച ഈ ധീര വനിതയുടെ ധൈര്യം ദൈവത്തെ സ്നേഹിക്കാൻ നമുക്ക് പ്രചോദനമാകട്ടെ. ജനുവരി 18 നാണ് വിശുദ്ധയുടെ തിരുനാൾ ആഘോഷിക്കുന്നത്.

<u>പ്രവർത്തനം:</u> ഈ ജൂബിലി വർഷാരംഭത്തിൽ നല്ല നല്ല തീരുമാനങ്ങൾ എടുക്കുവാനും പ്രാവർത്തികമാക്കുവാനുമായി ശ്രമിക്കുന്നതോടൊപ്പം പ്രത്യേകമായി നമ്മുടെ പ്രവർത്തനമേഖലകളിൽ

ആരെയും ഒറ്റപ്പെടുത്താതിരിക്കുവാനും പരമാവധി എല്ലാവരെയും അവരായിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കാനും ശ്രമിക്കുമല്ലോ!

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**ജീസസ് യൂത്ത് ഫാമിലി ഗാതറിങ്**

ജീസസ് യൂത്ത് തൃശ്ശൂർ സോണിന്റെ നേതൃത്വത്തിൽ തൃശ്ശൂരിലെ എല്ലാ ജീസസ് യൂത്തും അവരുടെ കുടുംബങ്ങളും ഡിസംബർ എട്ടിന് ഞായറാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ട്മണി മുതൽ വൈകീട്ട് ആറുമണി വരെ കുരിയച്ചിറ സെൻറ്.പോൾസ് സ്കൂളിൽ വെച്ച് ഒരുമിച്ച് കൂടി. സഭയോട് ചേർന്ന് യുവജനങ്ങളും കുടുംബങ്ങളും ഏക മനസ്സോടെ വിശ്വാസത്തിലും വിശുദ്ധിയിലും അടിയുറച്ച് ജീവിക്കണമെന്നും, നാം അനുഭവിച്ചറിഞ്ഞ ദൈവസ്നേഹം മറ്റുള്ളവർക്ക് പങ്കുവെച്ച് കൊടുക്കണമെന്നും ആഹ്വാനം ചെയ്തുകൊണ്ടാണ് ഫാമിലി ഗാതറിങ് നടന്നത്. തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത്, ജീസസ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിൽ, അസി. ഡയറക്ടർ ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ, ആലിസ് മാത്യു, ജീസസ് യൂത്ത് കോർഡിനേറ്റർ ജെറിൻ ജോയ്, ഫാമിലി ഗാതറിങ് ജനറൽ കോർഡിനേറ്റർ ജിസൻ ഡേവിസ് എന്നിവർ സന്നിഹിതരായിരുന്നു. ആയിരത്തി ലധികം പേർ പങ്കെടുത്ത ഈ പ്രോഗ്രാം ദിവ്യകാരുണ്യ ആരാധനയിലൂടെയും, വിവിധ സെഷനുകളിലൂടെയും, വ്യത്യസ്തമായ ക്രിസ്തുമസ് ആഘോഷങ്ങൾ, ക്രിസ്തുമസ് കരോൾ, കുട്ടികളുടെയും യുവജനങ്ങളു ടെയും നൃത്തം തുടങ്ങിയവയിലൂടെ ആത്മീയതയുടെ ആഘോഷ മായി കടന്നു പോയി.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. വർഗീസ് മേലിട്ട് പാലത്തിങ്കൽ**
അസോ. ഡയറക്ടർ

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കരിസ്മാറ്റിക് ജൂബിലിക്ക് ഒരുക്കമായ സബ് സോൺതല കുടുംബോത്സവങ്ങൾ ആരംഭിച്ചു. നവംബർ 16-ാം തീയതി വടക്കാഞ്ചേരി സബ് സോൺ കുടുംബോത്സവം വടക്കാഞ്ചേരി സെന്റ് സേവിയേഴ്സ് ഫൊറോന ദേവാലയത്തിൽ വെച്ച് നടന്നു. 9.30 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ച കുടുംബോത്സവം ഫൊറോന വികാരി റവ. ഫാ. വർഗീസ് തരകൻ തിരി തെളിയിച്ച് സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.സി. അംഗം സാബു എം വർഗീസ് കുടുംബോത്സവ സന്ദേശം നൽകി. രൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധ ബലി അർപ്പിച്ച് സന്ദേശം നൽകി. പാനൽ സെക്ഷൻ രൂപത ട്രഷറർ വിൻസന്റ് ചിറയത്ത് നയിച്ചു. ഫാമിലി മിഷനെ കുറിച്ച് സാബു എം. വർഗീസ് പങ്കുവെച്ചു. സബ്സോൺ ആനിമേറ്റർ റവ. ഫാ. ടോം വേലുക്കാരൻ ദിവ്യകാരുണ്യ ആരാധന നയിച്ചു. സബ് സോണിൽ പ്രീച്ചിംഗ്, ഷെയറിംഗ് നടത്തുന്ന ശുശ്രൂഷകരെ ആദരിച്ചു. പ്രാർത്ഥന കൂട്ടായ്മയിൽ 40 വർഷം പിന്നിട്ട രണ്ട് സഹോദരിമാരെ പൊന്നാട അണിയിച്ച് ആദരിച്ചു. സോൺ കോ-ഓഡിനേറ്റർ ഷാജു കുടുംബോത്സവത്തിൽ എം.സി.യായി ശുശ്രൂഷ ചെയ്തു. 3.30 ന് സോൺ സെക്രട്ടറി റോയ് തൈക്കാട്ടിൽ നന്ദി പറഞ്ഞു. സോണൽ സർവീസ് ടീം അംഗങ്ങൾ എല്ലാവരും ഈ ശുശ്രൂഷയിൽ പങ്കെടുത്തു

ഡിസംബർ ഏഴാം തീയതി ശനിയാഴ്ച രാവിലെ 9.30ന് പറപ്പൂർ സബ് സോൺ കുടുംബോത്സവം പറപ്പൂർ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. ഫൊറാന കോ-ഓർഡിനേറ്റർ ജോഷി കുടുംബോത്സവത്തിൽ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി റവ. ഫാ. സെബി പുത്തൂർ അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത ഫിനാൻസ് കോഡിനേറ്റർ റവ. ഫാ. വർഗീസ് കുത്തൂർ കുടുംബോത്സവം തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ആടിപ്പാടൽ ശുശ്രൂഷകൾക്കും മറ്റും സിനി അലക്സ്, റീന റാഫേൽ എന്നിവർ നേതൃത്വം നൽകി. കരിസ്മാറ്റിക് നവീകരണത്തിലെ ആധ്യാത്മിക സമ്പന്നത എന്ന വിഷയത്തെക്കുറിച്ച് ഷാജു കെ കെ ക്ലാസ് നൽകി. റവ. ഫാ. റോയ് വേളക്കൊമ്പിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്ക്ശേഷം നടന്ന പാനൽ സെക്ഷൻ അഡ്വക്കേറ്റ് ടോമി നേതൃത്വം നൽകി. മുൻകാലങ്ങളിൽ സബ് സോൺ കോ- ഓർഡിനേറ്റർ ആയിരുന്നവരെ

ആദരിച്ചു. സബ് സോണിൽ ശുശ്രൂഷ ചെയ്യുന്ന വചനപ്രഘോഷണത്തിനും സ്പിരിച്വൽ ഷെയറിങ്ങിനും അതിരൂപതയുടെ കാർഡ് ഉള്ളവരെ ആദരിച്ചു. 35, 25 വർഷം സജീവമായി പങ്കെടുത്തവരെ റോയ് അച്ചൻ മെമെന്റോ നൽകി ആദരിച്ചു. ഫാമിലി മിഷനെ കുറിച്ച് സെക്രട്ടറി റോയ് തൈക്കാട്ടിൽ പങ്കുവയ്ക്കുകയും തുടർന്ന് ശുശ്രൂഷകൾക്ക് നന്ദി പറയുകയും ചെയ്തു. ദിവ്യകാരുണ്യ ആരാധനയ്ക്ക് സബ് സോൺ ആനിമേറ്റർ റവ. ഫാ.സിജോ അരിക്കാട്ട് നേതൃത്വം നൽകി നവീകരണ അനുഭ വമുള്ള കുടുംബങ്ങളിൽ നിന്നുള്ള മക്കളുടെ ഡാൻസ് പ്രോഗ്രാം കുടുംബോത്സവത്തിന് മികവ് നൽകി 3.30 ന് സമാപിച്ചു

**തിരുസന്നിധി**

നവംബർ പതിനെട്ടാം തീയതി ജൂബിലിക്ക് ഒരുക്കമായ തിരുസന്നിധ ശുശ്രൂഷ കൊട്ടേക്കാട് ഫെറോനാ ദേവാലയത്തിൽ (കൊട്ടേക്കാട് സബ് സോൺ) വെച്ച് നടന്നു. ഫെറോന വികാരി റവ. ഫാ. ജോജു ആളൂർ ജൂബിലി തിരിതെളിയിച്ച് സന്ദേശം നൽകി. K.C.S.C. അംഗം സാബു എം. വർഗീസ് ജൂബിലി സന്ദേശം നൽകി. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും മധ്യസ്ഥ പ്രാർത്ഥനയ്ക്കും സോണൽ സർവീസ് ടീം നേതൃത്വം നൽകി. മൂന്നര മണിക്ക് ശുശ്രൂഷ സമാപിച്ചു. സോൺ കോ-ഓർഡിനേറ്റർ ഷാജു കെ.കെ. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി സെക്രട്ടറി റോയ് എല്ലാവർക്കും നന്ദി പറഞ്ഞു

**വൈദികർക്ക് വേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥന**

ആബാ ധ്യാനകേന്ദ്രത്തിൽ എല്ലാ ദിവസവും രണ്ട് വൈദികർക്ക് പ്രാർത്ഥന നടന്നുവരുന്നു. എല്ലാ ദിവസവും ദിവ്യകാരുണ്യ ആരാധന ആബാ ധ്യാന കേന്ദ്രത്തിൽ രാവിലെ 9. 30 മുതൽ വൈകിട്ട് 3.30 വരെ പ്രാർത്ഥന കൂട്ടായ്മയുടെയും മിനിസ്ട്രികളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു

**ആബാ ധ്യാനകേന്ദ്രത്തിൽ താമസിച്ചിട്ടുള്ള ധ്യാനം**

എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഉൾപ്പെടുന്ന വെള്ളി, ശനി, ഞായർ, ദിവസങ്ങളിൽ താമസിച്ചിട്ടുള്ള ധ്യാനം ആബാ ധ്യാന കേന്ദ്രത്തിൽ നടക്കുന്നു. എല്ലാ വ്യാഴാഴ്ച കളിലും ഏകദിന ധ്യാനം നടക്കുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**
ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**തൃശ്ശൂർ അതിരൂപത മാധ്യമ ദിനം**

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അതിരൂപത മാധ്യമ ദിന ആഘോഷം നടത്തി. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു. പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സിൽവർ ജൂബിലി അവാർഡ് പ്രമുഖ മാധ്യമപ്രവർത്തകനായ ജോണി അന്തിക്കാട്ടിന് സമർപ്പിച്ചു. അതിരൂപത ചാൻസിലർ ഫാ. ഡൊമിനിക് തലക്കോടൻ, പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ ഫാ. സിംസൺ ചിറമൽ, അവാർഡ് ജേതാവ് ജോണി അന്തിക്കാട്, പാവർട്ടി തീർത്ഥ കേന്ദ്രം അസിസ്റ്റൻറ് വികാരി ഫാ. മിഥുൻ ചുങ്കത്ത്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ, പബ്ലിക്ക് റിലേഷൻസ് വകുപ്പ് പ്രസിഡണ്ട് ജോർജ് ചിറമൽ, ഭാരവാഹികളായ ജോജു മഞ്ഞില, ബാബു ചിറ്റിലപ്പള്ളി, ടോജോ മാത്യു, ഷിന്റോ മാത്യു തുടങ്ങിയവർ സംസാരിച്ചു. സമ്മേളനത്തിൽ വച്ച് വിവിധ പാരിഷ് ബുള്ളറ്റിൽ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ നാലാം യോഗ റിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ നാലാമത്തെ യോഗവും അതിരൂപത പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനവും 2024 നവംബർ 9ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞ് 1:30ന് രജിസ്ട്രേഷനോടെ സമ്മേളനം ആരംഭിച്ചു. ചാരിറ്റി സന്യാസിനി സമൂഹത്തിന്റെയും ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെയും പ്രൊവിൻഷ്യൽമാരായ റവ. സി. വെൺമ സി. എസ്. സി., റവ. സി. ജെസിൻ സി. എച്ച്.

എഫ്. എന്നിവർ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ മോൺ. ജോസ് കോനിക്കര സ്വാഗതമാശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോ. സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം പാസ്സാക്കി. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു.

തുടർന്ന് ''രാജ്യത്തിന്റെ നിയമങ്ങളും മതനിയമങ്ങളും'' എന്ന വിഷയത്തിൽ അഡ്വ. ബിജു കുണ്ടുകുളം ക്ലാസ്സ് നയിച്ചു. മതേതര ഇന്ത്യയിൽ മതനിയമങ്ങൾക്കുള്ള പങ്കിനെപറ്റി അദ്ദേഹം വിശദീകരിച്ചു. ഏറ്റവും പ്രാകൃതവും കിരാതവുമായ നിയമമായിട്ടേ വഖഫ് നിയമത്തെ കാണാനാകൂ എന്ന് അദ്ദേഹം ചൂണ്ടികാട്ടി. സിവിൽ നിയമത്തിന് വിധേയമല്ലാത്ത ഈ നിയമം ആനുകാലികമായി രാജ്യത്ത് വലിയ മനുഷ്യാവകാശലംഘനത്തിനു കാരണമാകുന്നുവെന്ന് ഉദാഹരണസഹിതം അദ്ദേഹം വിശദീകരിച്ചു. മുനമ്പത്തെ സമരത്തിൽ സർക്കാർ മൗനം പാലിക്കുന്നതിനെപറ്റി അദ്ദേഹം നിശതമായി വിമർശിക്കുകയുണ്ടായി. തുടർന്നു നടന്ന ചർച്ചയിൽ മുനമ്പം വിഷയത്തിൽ അടിയന്തിര നടപടികൾ ആവശ്യപ്പെട്ട് പ്രതിഷേധവും ഐക്യദാർഢ്യവും വേണമെന്ന് അഭിപ്രായപ്പെട്ടു.

അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് റോമിൽ നടന്ന സിനഡിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ പങ്കുവച്ചു. മാർപ്പാപ്പ പഠിപ്പിച്ച സിനഡാലിറ്റിശൈലി ഏവരും പിന്തുടരണം, പരിശുദ്ധാത്മാവിനെ ശ്രവിച്ച് തീരുമാനമെടുക്കണം എന്നീ കാര്യങ്ങൾ അഭിവന്ദ്യപിതാവ് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു. യുവാക്കൾക്ക് നല്ല തൊഴിലവസരങ്ങൾ ലഭിക്കാൻ സമുദായാംഗങ്ങൾ പരിശ്രമിക്കണമെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. സഭയ്ക്കുനേരെ നടക്കുന്ന ഗൂഢാലോചനകൾ ജാഗ്രതയോടെ മനസ്സിലാക്കണമെന്ന് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി അദ്ദേഹം ഓർമ്മിപ്പിച്ചു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ മുടങ്ങാതെ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നേതൃത്വത്തിൽ അതിരൂപതാംഗങ്ങൾ മുനമ്പം സന്ദർശിച്ച് ഐക്യദാർഢ്യം പ്രഖ്യാപിച്ചതായി അറിയിച്ചു. എല്ലാവർഷങ്ങളിലെപ്പോലെ ഈ വർഷവും ബൊൻ നത്താലെ ഡിസംബർ 27ന് നടക്കുന്നു. 2025 ജൂബിലി

വർഷത്തിന്റെ ഉദ്ഘാടനം ഡിസംബർ 29ന് ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ നടത്തുന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ പ്രമേയം അവതരിപ്പിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്തവർക്ക് അദ്ദേഹം നന്ദി പറഞ്ഞു.

തുടർന്ന് സമൂഹത്തിലെ വിവിധ തലങ്ങളിൽ മികവു പുലർത്തിയ അതിരൂപതാംഗങ്ങളെ ആദരിക്കുന്ന ചടങ്ങായിരുന്നു. അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമ്മാനാർഹരായവരെയും ഡോക്ടറേറ്റ് നേടിയ അതിരൂപതാംഗങ്ങളെയും പ്രത്യേക അവാർഡുകൾ ലഭിച്ച സ്ഥാപനങ്ങളെയും അഭിവന്ദ്യപിതാവ് അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അഭിവന്ദ്യപിതാവിന്റെ സമാപനാശീർവാദത്തോടെ വൈകിട്ട് 4 മണിയോടെ യോഗം അവസാനിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**

ചാൻസലർ & ജനറൽ സെക്രട്ടറി




ദനഹാ തിരുനാൾ മംഗളങ്ങൾ

**നവവത്സരാശംസകൾ**

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.12.2024
**January - 2025**

# ജൂബിലി വർഷം 2025

JUBILEE 2025
PILGRIMS OF HOPE

## “പ്രത്യാശയുടെ തീർത്ഥാടകരാവുക”

**തൃശ്ശൂർ അതിരൂപത**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor